
PRICE ₹ 50/-

# അറിവോരം

കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

VOL 6 I ISSUE 3 I BIMONTHLY I JUNE 2026 I 44 PAGES



കേരള നിയമസഭയുടെ
ഔദ്യോഗിക ന്യൂസ് മാഗസിൻ

# അറിവോരം

വാല്യം 6 ലക്കം 3 ജൂൺ 2026



പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**നിയമസഭാ സ്പീക്കർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**ഷാജി സി. ബേബി**
സെക്രട്ടറി - ഇൻ - ചാർജ്

അംഗങ്ങൾ

**സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി**

**സ്പീക്കറുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി**

**പി. ഹരി**
അഡീഷണൽ സെക്രട്ടറി

**രജനി വി.ആർ.**
അഡീഷണൽ സെക്രട്ടറി

**വി.ജി. റിജു**
ജോയിന്റ് സെക്രട്ടറി

**ജ്യോതി എൽ.**
ജോയിന്റ് സെക്രട്ടറി

**റീന വി. ആർ.**
ജോയിന്റ് സെക്രട്ടറി

പ്രത്യേക ക്ഷണിതാക്കൾ
**സ്പീക്കറുടെ പ്രസ്സ് സെക്രട്ടറി**

**സ്പീക്കറുടെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി**



പ്രസിദ്ധീകരണ വിഭാഗം
**വിവര വിഭവ വികസന 'ബി' വിഭാഗം**

രൂപകൽപ്പന
**ബിജി ജോൺ**


അച്ചടി
**നിയമസഭാ പ്രിന്റിംഗ് പ്രസ്സ്**

**കേരള നിയമസഭാ പ്രസിദ്ധീകരണം**
ഇ-മെയിൽ: kladrd@gmail.com
ഫോൺ : 0471-2512493, 2353


## മൊഴിമുഴക്കം

"മനസ്സാണ് ഏറ്റവും വലിയ കോട്ട.
മനസ്സ് തകർന്നാൽ
ജീവിതയുദ്ധത്തിൽ തോറ്റു."

**- സി. രാജഗോപാലാചാരി**




ഈ പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലേഖനങ്ങളിലെ ആശയങ്ങൾക്കും അഭിപ്രായങ്ങൾക്കുമുള്ള പൂർണ്ണ ഉത്തരവാദിത്വം ലേഖകരിൽ നിക്ഷിപ്തമാണ്.

## ഉൾത്താളുകളിലൂടെ ......


| | |
|---|---|
| സഭാധ്യക്ഷന്റെ പേജ് | 04 |
| തിരുവഞ്ചൂർ രാധാകൃഷ്ണൻ: നിയമസഭാ സ്പീക്കർ | 06 |
| വി.ഡി. സതീശൻ: മുഖ്യമന്ത്രി | 07 |
| പിണറായി വിജയൻ: പ്രതിപക്ഷ നേതാവ് | 08 |
| ഷാനിമോൾ ഉസ്മാൻ: നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ | 09 |
| മന്ത്രിമാരും വകുപ്പുകളും | 10 |
| പതിനാറാം കേരള നിയമസഭാ സാമാജികർ | 14 |
| സ്പീക്കറുടെ പൊതുപരിപാടികൾ | 20 |
| ചിത്രജാലകം | 22 |
| നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ | 24 |
| വേർപാട് | 26 |
| വിജ്ഞാനപഥം | 27 |
| ഇതരസഭാ വാർത്തകൾ | 28 |
| സഭാ സമ്മേളന വാർത്ത | 30 |
| പാർലമെന്റ് സമ്മേളന വാർത്ത | 32 |
| സഭാതലത്തിലെ മായാത്ത വ്യക്തിത്വങ്ങൾ | 33 |
| സഭാ നായകരുടെ ജീവിത രേഖയിലൂടെ | 34 |
| നിയമസഭാ പ്രസംഗങ്ങളിലൂടെ | 35 |
| കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ | 38 |
| നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ | 41 |



# പുതിയ നിയമസഭ പുതിയ പ്രതീക്ഷകൾ

**തിരുവഞ്ചൂർ രാധാകൃഷ്ണൻ**
നിയമസഭാ സ്പീക്കർ

---

പതിനാറാം കേരള നിയമസഭ നിലവിൽ വന്നിരിക്കുകയാണ്. പുതിയ കാലത്തിന്റെ പ്രതീക്ഷകളും ഉത്തരവാദിത്വങ്ങളും ഏറ്റുവാങ്ങിക്കൊണ്ട് പുതുയുഗത്തിലേക്ക് കേരള ജനതയെ നയിക്കുകയെന്നതാണ് പതിനാറാം കേരള നിയമസഭയുടെ ദൗത്യം. പുരോഗമനാത്മകമായ നിയമനിർമ്മാണങ്ങളും നവീന ഉദ്യമങ്ങളും നടപ്പിലാക്കി കേരള നിയമസഭ രാജ്യത്തെ നിയമനിർമ്മാണ സഭകൾക്ക് വഴികാട്ടിയായി നിലകൊള്ളുന്നു. 138 വർഷത്തെ പാരമ്പര്യമുള്ള നമ്മുടെ നിയമസഭ ഉദാത്തമായ പല മാതൃകകളും ഇതര സംസ്ഥാന നിയമസഭകൾക്ക് നൽകിയിട്ടുണ്ട്. ആ പാരമ്പര്യവും മഹിമയും കാത്തുസൂക്ഷിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ പതിനാറാം കേരള നിയമസഭയ്ക്കും തുടരുവാൻ സാധിക്കണം.

പുതിയ നിയമസഭയിൽ 71 പേർ നവാഗതരാണെന്നത് പ്രതീക്ഷ നൽകുന്ന കാര്യമാണ്. നിയമസഭാ പ്രവർത്തനം തീർച്ചയായും ഉത്തരവാദിത്വമേറിയതും വെല്ലുവിളികൾ നിറഞ്ഞതുമാണ്. തുടർച്ചയായ പഠനപ്രക്രിയ ആവശ്യമുള്ളതാണ് നിയമസഭാ പ്രവർത്തനം. നിരന്തരമായ നിരീക്ഷണത്തിലൂടെയും ശ്രദ്ധാപൂർവമായ പഠനത്തിലൂടെയും മാത്രമേ മികച്ച ഒരു നിയമസഭാ സാമാജികനായി വളരുവാൻ കഴിയുകയുള്ളൂ. സഭാ നടപടികൾ ശ്രദ്ധാപൂർവം നിരീക്ഷിക്കുകയും സജീവമായി അവയിൽ പങ്കെടുക്കുകയും ചെയ്യുന്നതിലൂടെ സ്വയം നവീകരിക്കുന്നതിനുള്ള അവസരമാണ് നിയമസഭാ സാമാജികർക്ക് ലഭ്യമാകുന്നത്. കേരളത്തിലെ ഏറ്റവും മികച്ച ലൈബ്രറികളിലൊന്നായ നിയമസഭാ ലൈബ്രറിയിലെ റിസർച്ച്, റഫറൻസ് സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുവാൻ എല്ലാ സാമാജികരും ശ്രദ്ധചെലുത്തണം. നിയമസഭയുടെ വെബ് പോർട്ടലിൽ ലഭ്യമായ ഡിജിറ്റൽ ആർക്കൈവ്സിൽ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിലിന്റെ കാലം മുതൽക്കുള്ള സഭാ രേഖകൾ ലഭ്യമാണ്. അവ പരിശോധിക്കുന്നതിലൂടെ നിയമസഭയുടെ പ്രൗഢമായ ചരിത്രം അനാവരണം ചെയ്യുക മാത്രമല്ല മഹാരഥൻമാരായ മുൻഗാമികളുടെ പ്രസംഗങ്ങളും നിയമ നിർമ്മാണ നടപടികളിലെ സാങ്കേതികത്വങ്ങളും പുതിയ സാമാജികർക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതുമാണ്.

പുതിയ സാമാജികർക്ക് നിയമസഭാ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിനായി തുടർച്ചയായ പരിശീലന പരിപാടികൾ നിയമസഭാ സെക്രട്ടേറിയറ്റ് സംഘടിപ്പിക്കുന്നതാണ്. അതിന്റെ ആദ്യഘട്ടമായി 2026 ജൂൺ 17, 18 തീയതികളിൽ നിയമസഭാ സമുച്ചയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നുണ്ട്. പരിണത പ്രജ്ഞരായ സാമാജികർ നയിക്കുന്ന പ്രസ്തുത ക്ലാസുകളിലൂടെ പുതിയ സാമാജികർക്ക് സംശയ നിവാരണത്തിനും മുതിർന്നവരും അനുഭവസമ്പന്നരുമായ സാമാജികരുമായും മുൻ സാമാജികരുമായും ഇടപഴകുന്നതിനും അവസരം ലഭ്യമാകുന്നതാണ്. മാനേജ്മെന്റ്, ധനകാര്യം സംബന്ധിച്ച നടപടികൾ, വിവര സാങ്കേതികവിദ്യ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധരായ വ്യക്തികളുമായി ആശയ വിനിമയം നടത്തുന്നതിന് അംഗങ്ങൾക്ക് അവസരം നൽകുന്ന തുടർപരിശീലന പരിപാടികൾ ആവിഷ്കരിക്കുന്നതാണ്.

നവീനസാങ്കേതിക വിദ്യയിലൂന്നിയ വികസനമാണ് കേരളം ലക്ഷ്യമിടുന്നത്. വിനോദ സഞ്ചാരം, ഐ.ടി., ഭക്ഷ്യസംസ്കരണം, മത്സ്യബന്ധനം, മാനവ വിഭവശേഷി വികസനം എന്നിങ്ങനെ കേരളത്തിന് അനന്ത സാധ്യതകളുള്ള വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെങ്കിൽ സംസ്ഥാനത്തിന്റെ ഭാവി സുരക്ഷിതമാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം തുറന്നു തന്നിരിക്കുന്ന വികസന സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടത് അടിയന്തര പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. കേരളത്തെ പുരോഗതിയുടെ പാതയിലേക്ക് നയിക്കാനും ജനതയുടെ പ്രതീക്ഷകൾ സഫലീകരിക്കാനും പുതിയ സർക്കാരിന് സാധ്യമാകട്ടെയെന്ന് ആശംസിക്കുന്നു.



# തിരുവഞ്ചൂർ രാധാകൃഷ്ണൻ

## നിയമസഭാ സ്പീക്കർ

കേരള നിയമസഭയുടെ ഇരുപത്തിയഞ്ചാമത് സ്പീക്കറായി തിരുവഞ്ചൂർ രാധാകൃഷ്ണൻ തിരഞ്ഞെടുക്കപ്പെട്ടു. 2026 മേയ് 22നാണ് നിയമസഭയിൽ സ്പീക്കർ സ്ഥാനത്തേക്ക് വേട്ടെടുപ്പ് നടന്നത്. എ. സി. മൊയ്തീൻ, ബി. ബി. ഗോപകുമാർ എന്നിവരായിരുന്നു സ്പീക്കർ സ്ഥാനത്തേക്ക് മത്സരിച്ച മറ്റു സ്ഥാനാർഥികൾ. ഒമ്പതു മുതൽ പന്ത്രണ്ടുവരെ കേരള നിയമസഭകളിൽ അടൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിട്ടുള്ള അദ്ദേഹം തുടർന്നുള്ള നാലു നിയമസഭകളിലായി കോട്ടയം നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്നു.

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (5.9.2004-12.5.2006), റവന്യൂ വകുപ്പു മന്ത്രി (23.5.2011-11.4.2012), ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി (12.4.2012-31.12.2013), വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി (1.1.2014-25.5.2016), പ്രതിപക്ഷ ചീഫ് വിപ്പ് (2006-11) എന്നീ പദവികൾ വഹിച്ചിട്ടുണ്ട്. 2005 ഫെബ്രുവരി മുതൽ 2006 ജനുവരി വരെ വനം വകുപ്പിന്റെയും 2006 ജനുവരി മുതൽ 12.05.2006 വരെ ആരോഗ്യ വകുപ്പിന്റെയും അധികച്ചുമതല വഹിച്ചു. അഖില കേരള ബാലജനസഖ്യം ജനറൽ സെക്രട്ടറി, കോട്ടയം ബസേലിയസ് കോളേജ് യൂണിയൻ ചെയർമാൻ, കെ.എസ്.യു. കോട്ടയം ജില്ലാ പ്രസിഡന്റ്, സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ്, കേരള സർവകലാശാല യൂണിയൻ ജനറൽ സെക്രട്ടറി, ചെയർമാൻ, യൂത്ത് കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, സംസ്ഥാന പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, കുസാറ്റ് സിൻഡിക്കേറ്റ്, എ.ഐ.സി.സി., കേരള സർവകലാശാല സെനറ്റ്, കെ.പി.സി.സി. എക്സിക്യൂട്ടീവ് കമ്മിറ്റി എന്നിവയിൽ അംഗം തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്.

'ടി.പി. വധം - സത്യാന്വേഷണ രേഖകൾ' എന്ന പുസ്തകം രചിച്ചിട്ടുണ്ട്. 1949 ഡിസംബർ 26ന് കെ.പി. പരമേശ്വരൻ പിള്ളയുടെയും ഗൗരിക്കുട്ടിയമ്മയുടെയും മകനായി കോട്ടയം ജില്ലയിലെ തിരുവഞ്ചൂരിൽ ജനനം. ഭാര്യ ലളിതാംബിക രാധാകൃഷ്ണനും രണ്ട് ആൺമക്കളും ഒരു മകളും അടങ്ങുന്നതാണ് കുടുംബം.



# വി.ഡി. സതീശൻ
## മുഖ്യമന്ത്രി

സംസ്ഥാനത്തെ ഇരുപത്തി നാലാമത് മുഖ്യമന്ത്രിയായി വി. ഡി. സതീശൻ 2026 മേയ് 18ന് അധികാരമേറ്റു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പ്രതിജ്ഞാ വാചകം ചൊല്ലിക്കൊടുത്തു.

2001 മുതൽ കേരള നിയമസഭയിൽ പറവൂർ മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന വി. ഡി. സതീശൻ പതിനഞ്ചാം കേരള നിയമസഭയുടെ കാലയളവിൽ പ്രതിപക്ഷ നേതാവായിരുന്നു. കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി (2011-2016), പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (2016-2021) എന്നിവയുടെ അധ്യക്ഷൻ ആയിരുന്നു. രാഷ്ട്രീയക്കാർക്കിടയിലെ എഴുത്തുകാരനും മികച്ച വായനക്കാരനുമായ അദ്ദേഹം സോഷ്യോളജിയിലും നിയമത്തിലും ബിരുദം നേടിയിട്ടുണ്ട്. ഹൈക്കോടതിയിൽ അഭിഭാഷകനായി പ്രവർത്തിച്ചിട്ടുണ്ട്. നിരവധി ട്രേഡ് യൂണിയനുകളുടെ ചുമതലകൾ വഹിച്ചിട്ടുണ്ട്.

എറണാകുളം നെട്ടൂർ വടശ്ശേരിയിൽ ദാമോദര മേനോന്റെയും വിലാസിനിയമ്മയുടെയും മകനായി 1964 മേയ് 31ന് ജനിച്ച വി. ഡി. സതീശൻ, കേരള സ്റ്റുഡന്റ്സ് യൂണിയനിലൂടെയാണ് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്. കേരള, മഹാത്മാ ഗാന്ധി സർവ്വകലാശാല യൂണിയനുകളിൽ അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. 1986ൽ എം.ജി സർവകലാശാല യൂണിയന്റെ ആദ്യ ചെയർമാനായിരുന്നു. എൻ.എസ്.യു. ദേശീയ സെക്രട്ടറി, അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ തമിഴ്നാടിന്റെ ചുമതലയുള്ള സെക്രട്ടറി, കെ.പി.സി.സി. വൈസ് പ്രസിഡന്റ്, കോൺഗ്രസ് നിയമസഭാ കക്ഷി നേതാവ് എന്നീ പദവികളും വഹിച്ചിട്ടുണ്ട്. 'ആദം നീ എവിടെ ആകുന്നു?' എന്ന പുസ്തകം രചിച്ചിട്ടുണ്ട്. ഭാര്യ ലക്ഷ്മിപ്രിയ. ഒരു മകളുണ്ട്.

# പിണറായി വിജയൻ
## പ്രതിപക്ഷ നേതാവ്



പതിനാറാം കേരള നിയമസഭയുടെ പ്രതിപക്ഷ നേതാവായി പിണറായി വിജയൻ തെരഞ്ഞെടുക്കപ്പെട്ടു. ഏഴു പ്രാവശ്യം നിയമസഭാംഗമായിട്ടുള്ള അദ്ദേഹം പതിനാറാം കേരള നിയമസഭയിലെ ഏറ്റവും മുതിർന്ന അംഗമാണ്. വിദ്യാർഥിയായിരിക്കുമ്പോൾത്തന്നെ കെ.എസ്.എഫ്.ലൂടെ രാഷ്ട്രീയത്തിലേക്ക് കടന്നുവന്നു. 1970ൽ കൂത്തുപറമ്പ് മണ്ഡലത്തെ പ്രതിനിധീകരിച്ച് ഇരുപത്തിയാറാം വയസ്സിലാണ് ആദ്യമായി നാലാം കേരള നിയമസഭാംഗമായത്. തുടർന്ന് അഞ്ച്, ഒൻപത് നിയമസഭകളിൽ കൂത്തുപറമ്പ് മണ്ഡലത്തെയും പത്താം കേരള നിയമസഭയിൽ പയ്യന്നൂർ മണ്ഡലത്തെയും പ്രതിനിധീകരിച്ചു. 2016 മുതൽ ധർമ്മടം മണ്ഡലത്തെ പ്രതിനിധീകരിക്കുന്നു. സംസ്ഥാനത്ത് തുടർച്ചയായി രണ്ട് മന്ത്രിസഭകളിൽ മുഖ്യമന്ത്രിയായ ഒരേയൊരു വ്യക്തിയും ഏറ്റവും കൂടുതൽ ദിവസം കാവൽ മുഖ്യമന്ത്രിയായ വ്യക്തിയും പിണറായി വിജയനാണ്. പതിനാല്, പതിനഞ്ച് നിയമസഭകളുടെ കാലയളവിൽ 2016 മേയ് 25 മുതൽ 2026 മേയ് 18 വരെ പത്തുവർഷക്കാലം അദ്ദേഹം മുഖ്യമന്ത്രിയുടെ പദവി വഹിച്ചു. ഇ.കെ. നായനാർ മന്ത്രിസഭയിൽ വൈദ്യുതിയും സഹകരണവും വകുപ്പു മന്ത്രി (20.05.1996-19.10.1998) യായിരുന്നു. ദീർഘകാലം സി.പി.ഐ.(എം) സംസ്ഥാന സെക്രട്ടറിയായിരുന്ന അദ്ദേഹം കെ.എസ്.എഫ്. സംസ്ഥാന പ്രസിഡന്റ്, സെക്രട്ടറി, കെ.എസ്.വൈ.എഫ്. സംസ്ഥാന പ്രസിഡന്റ്, സി.പി.ഐ. (എം) കണ്ണൂർ ജില്ലാ കമ്മിറ്റി സെക്രട്ടറി, കണ്ണൂർ ജില്ലാ സെക്രട്ടേറിയറ്റ്, സംസ്ഥാന സെക്രട്ടേറിയറ്റ്, പൊളിറ്റ് ബ്യൂറോ എന്നിവയിൽ അംഗം എന്നീ പദവികളും വഹിച്ചിട്ടുണ്ട്. അടിയന്തരാവസ്ഥക്കാലത്ത് അറസ്റ്റിലാവുകയും പൊലീസ് മർദനത്തിന് ഇരയാവുകയും ചെയ്തിട്ടുണ്ട്.

1944 മാർച്ച് 21ന് മാറോളി കോരന്റെയും ആലക്കാട്ട് കല്യാണിയുടെയും മകനായി കണ്ണൂർ ജില്ലയിലെ പിണറായിയിലാണ് ജനനം. ഭാര്യ കമലയും മകനും മകളും അടങ്ങുന്നതാണ് കുടുംബം.



# ഷാനിമോൾ ഉസ്മാൻ


## നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ

പതിനാറാം കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി ഷാനിമോൾ ഉസ്മാൻ തിരഞ്ഞെടുക്കപ്പെട്ടു. 2026 ജൂൺ 2നാണ് നിയമസഭയിൽ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് വോട്ടെടുപ്പ് നടന്നത്. മുഹമ്മദ് മുഹസിനായിരുന്നു എതിർ സ്ഥാനാർഥി. കേരള നിയമസഭയുടെ ചരിത്രത്തിലെ നാലാമത്തെ വനിതാ ഡെപ്യൂട്ടി സ്പീക്കറാണ് ഷാനിമോൾ ഉസ്മാൻ. മൂന്നു പതിറ്റാണ്ടുകൾക്കുശേഷമാണ് കേരള നിയമസഭയിൽ ഒരു വനിതാ ഡെപ്യൂട്ടി സ്പീക്കർ ചുമതലയേൽക്കുന്നത്. കെ.എസ്.യു.വിലൂടെ രാഷ്ട്രീയ രംഗത്തെത്തിയ ഷാനിമോൾ ഉസ്മാൻ, 2019ൽ അരൂർ മണ്ഡലത്തിൽ നടന്ന ഉപതിരഞ്ഞെടുപ്പിലൂടെ പതിനാലാം കേരള നിയമസഭയിൽ അംഗമായി. 2026ൽ അരൂരിൽ നിന്നും വീണ്ടും പതിനാറാം കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

സംസ്ഥാന മഹിളാ കോൺഗ്രസ് പ്രസിഡന്റ്, എ.ഐ.സി.സി. അംഗം, കെ.എസ്.യു. ആലപ്പുഴ എസ്.ഡി. കോളേജ് യൂണിറ്റ് വൈസ് പ്രസിഡന്റ്, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, സംസ്ഥാന വൈസ് പ്രസിഡന്റ്, കേരള സർവകലാശാല സെനറ്റ് അംഗം, യൂണിയൻ കൗൺസിലർ, ആലപ്പുഴ ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി, ആലപ്പുഴ ജില്ലാ കുടുംബക്ഷേമ സമിതി എന്നിവയിൽ അംഗം, കെ.പി.സി.സി. രാഷ്ട്രീയകാര്യ സമിതി, തെരഞ്ഞെടുപ്പ് സമിതി എന്നിവയിൽ അംഗം, ആലപ്പുഴ മുൻസിപ്പൽ ചെയർപേഴ്സൺ, ആലപ്പുഴ ജില്ലാ പഞ്ചായത്ത് അംഗം, യു.ഡി.എഫ്. ആലപ്പുഴ ജില്ലാ കേന്ദ്ര തെരഞ്ഞെടുപ്പ് സമിതി കൺവീനർ തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്.

1966 മേയ് 30ന് എ. ഇബ്രാഹിം കുട്ടിയുടെയും റ്റി.ഇ. സൂറാക്കുട്ടിയുടെയും മകളായി ആലപ്പുഴ ജില്ലയിലെ തകഴിയിൽ ജനനം. ഭർത്താവ് എ. മുഹമ്മദ് ഉസ്മാനും ഒരു മകനും ഒരു മകളും അടങ്ങുന്നതാണ് കുടുംബം.

# മന്ത്രിമാരും വകുപ്പുകളും



**വി. ഡി. സതീശൻ**
മുഖ്യമന്ത്രി



**പി. കെ. കുഞ്ഞാലിക്കുട്ടി**
വ്യവസായ – വിവരസാങ്കേതിക വിദ്യ വകുപ്പ് മന്ത്രി



**രമേശ് ചെന്നിത്തല**
ആഭ്യന്തര – വിജിലൻസ്, കയർ വകുപ്പ് മന്ത്രി

# മന്ത്രിമാരും വകുപ്പുകളും



**സണ്ണി ജോസഫ്**
വൈദ്യുതി, പരിസ്ഥിതി–
പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി



**കെ. മുരളീധരൻ**
ആരോഗ്യ–ദേവസ്വം
വകുപ്പ് മന്ത്രി



**മോൻസ് ജോസഫ്**
ജലവിഭവ–ഭവനനിർമ്മാണ
വകുപ്പ് മന്ത്രി



**ഷിബു ബേബി ജോൺ**
വനം, വന്യജീവി–നൈപുണ്യ വികസന
വകുപ്പ് മന്ത്രി



**അനൂപ് ജേക്കബ്**
ഭക്ഷ്യ–പൊതുവിതരണ
വകുപ്പ് മന്ത്രി




**സി. പി. ജോൺ**
ഗതാഗത വകുപ്പ് മന്ത്രി

# മന്ത്രിമാരും വകുപ്പുകളും



**എ.പി. അനിൽകുമാർ**
റവന്യൂ വകുപ്പ് മന്ത്രി



**എൻ. ഷംസുദ്ദീൻ**
പൊതു വിദ്യാഭ്യാസ–
ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി



**പി. സി. വിഷ്ണുനാഥ്**
വിനോദസഞ്ചാര–
സാംസ്കാരിക വകുപ്പ് മന്ത്രി



**റോജി എം. ജോൺ**
ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി



**ബിന്ദു കൃഷ്ണ**
തൊഴിൽ, മൃഗസംരക്ഷണ–
വനിതാ ശിശുവികസന വകുപ്പ് മന്ത്രി




**എം. ലിജു**
സഹകരണ–എക്സൈസ്
വകുപ്പ് മന്ത്രി

# മന്ത്രിമാരും വകുപ്പുകളും




**കെ. എം. ഷാജി**
തദ്ദേശസ്വയം ഭരണ
വകുപ്പ് മന്ത്രി



**പി. കെ. ബഷീർ**
പൊതുമരാമത്ത്
വകുപ്പ് മന്ത്രി




**വി.ഇ. അബ്ദുൾ ഗഫൂർ**
മത്സ്യബന്ധന – സാമൂഹ്യനീതി
വകുപ്പ് മന്ത്രി



**ടി. സിദ്ദീഖ്**
കൃഷി വകുപ്പ് മന്ത്രി



**കെ. എ. തുളസി**
പട്ടികജാതി, പട്ടികവർഗ്ഗ –
പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി



**ഒ. ജെ. ജനീഷ്**
കായികം, യുവജനകാര്യം,
രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു
& പുരാരേഖ വകുപ്പ് മന്ത്രി

# പതിനാറാം
# കേരള നിയമസഭാ സാമാജികർ

## കാസർഗോഡ്


എ.കെ.എം. അഷ്റഫ്
മഞ്ചേശ്വരം



കല്ലട്ര മാഹീൻ
കാസർകോട്


നീലകണ്ഠൻ
ഉദുമ


ഗോവിന്ദൻ പള്ളിക്കാപ്പിൽ
കാഞ്ഞങ്ങാട്


സന്ദീപ് വാര്യർ
തൃക്കരിപ്പൂർ

## കണ്ണൂർ


വി. കുഞ്ഞികൃഷ്ണൻ
പയ്യന്നൂർ


എം. വിജിൻ
കല്ല്യാശ്ശേരി


ടി. കെ. ഗോവിന്ദൻ മാസ്റ്റർ
തളിപ്പറമ്പ്


സജീവ് ജോസഫ്
ഇരിക്കൂർ


കെ. വി. സുമേഷ്
അഴീക്കോട്


ടി. ഒ. മോഹനൻ
കണ്ണൂർ


പിണറായി വിജയൻ
ധർമ്മടം


കാരായി രാജൻ
തലശ്ശേരി


പി. കെ. പ്രവീൺ
കൂത്തുപറമ്പ്


വി. കെ. സനോജ്
മട്ടന്നൂർ


സണ്ണി ജോസഫ്
പേരാവൂർ

## വയനാട്


ഉഷാ വിജയൻ
മാനന്തവാടി


ഐ. സി. ബാലകൃഷ്ണൻ
സുൽത്താൻ ബത്തേരി


ടി. സിദ്ദീഖ്
കൽപ്പറ്റ

## കോഴിക്കോട്


കെ. കെ. രമ
വടകര


പാറക്കൽ അബ്ദുല്ല
കുറ്റ്യാടി


കെ. എം. അഭിജിത്ത്
നാദാപുരം


കെ. പ്രവീൺ കുമാർ
കൊയിലാണ്ടി


ഫാത്തിമ തഹിലിയ
പേരാമ്പ്ര


വി. ടി. സൂരജ്
ബാലുശ്ശേരി


വിദ്യാ ബാലകൃഷ്ണൻ
എലത്തൂർ


കെ. ജയന്ത്
കോഴിക്കോട് നോർത്ത്


ഫൈസൽ ബാബു
കോഴിക്കോട് സൗത്ത്


പി. എ. മുഹമ്മദ് റിയാസ്
ബേപ്പൂർ


എം. എ. റസാഖ് മാസ്റ്റർ
കുന്ദമംഗലം


പി. കെ. ഫിറോസ്
കൊടുവള്ളി


സി. കെ. കാസിം
തിരുവമ്പാടി

## മലപ്പുറം


ടി. പി. അഷ്റഫ് അലി
കൊണ്ടോട്ടി


പി. കെ. ബഷീർ
ഏറനാട്


ആര്യാടൻ ഷൗക്കത്ത്
നിലമ്പൂർ


എ. പി. അനിൽകുമാർ
വണ്ടൂർ


എം. റഹ്മത്തുള്ള
മഞ്ചേരി


നജീബ് കാന്തപുരം
പെരിന്തൽമണ്ണ


മഞ്ഞളാംകുഴി അലി
മങ്കട


പി. കെ. കുഞ്ഞാലിക്കുട്ടി
മലപ്പുറം


കെ. എം. ഷാജി
വേങ്ങര


ടി. വി. ഇബ്രാഹിം
വള്ളിക്കുന്ന്



കെ. കെ. രാമചന്ദ്രൻ
പുതുക്കാട്



സനീഷ്കുമാർ ജോസഫ്
ചാലക്കുടി



ഒ. ജെ. ജനീഷ്
കൊടുങ്ങല്ലൂർ

## എറണാകുളം



മനോജ് മൂത്തേടൻ
പെരുമ്പാവൂർ



റോജി എം. ജോൺ
അങ്കമാലി



അൻവർ സാദത്ത്
ആലുവ



വി. ഇ. അബ്ദുൽ ഗഫൂർ
കളമശ്ശേരി



വി. ഡി. സതീശൻ
പറവൂർ



ടോണി ചമ്മണി
വൈപ്പിൻ



മുഹമ്മദ് ഷിയാസ്
കൊച്ചി



ദീപക് ജോയ്
തൃപ്പൂണിത്തുറ



ടി. ജെ. വിനോദ്
എറണാകുളം



ഉമാ തോമസ്
തൃക്കാക്കര



വി. പി. സജീന്ദ്രൻ
കുന്നത്തുനാട്



അനൂപ് ജേക്കബ്
പിറവം



ഡോ. മാത്യു കുഴൽനാടൻ
മൂവാറ്റുപുഴ



ഷിബു തെക്കുംപുറം
കോതമംഗലം

## ഇടുക്കി



എഫ്. രാജ
ദേവികുളം



സേനാപതി വേണു
ഉടുമ്പൻചോല



അപു ജോൺ ജോസഫ്
തൊടുപുഴ



റോയി കെ. പൗലോസ്
ഇടുക്കി



സിറിയക് തോമസ്
പീരുമേട്

## കോട്ടയം


മാണി സി. കാപ്പൻ
പാലാ


മോൻസ് ജോസഫ്
കടുത്തുരുത്തി


കെ. ബിനിമോൻ
വൈക്കം


നാട്ടകം സുരേഷ്
ഏറ്റുമാനൂർ


തിരുവഞ്ചൂർ രാധാകൃഷ്ണൻ
കോട്ടയം


ചാണ്ടി ഉമ്മൻ
പുതുപ്പള്ളി


വിനു ജോബ് കുഴിമണ്ണിൽ
ചങ്ങനാശ്ശേരി


റോണി കെ. ബേബി
കാഞ്ഞിരപ്പള്ളി


സെബാസ്റ്റ്യൻ എം. ജെ
പൂഞ്ഞാർ

## ആലപ്പുഴ


ഷാനിമോൾ ഉസ്മാൻ
അരൂർ


പി. പ്രസാദ്
ചേർത്തല


എ. ഡി. തോമസ്
ആലപ്പുഴ


ജി. സുധാകരൻ
അമ്പലപ്പുഴ


റെജി ചെറിയാൻ
കുട്ടനാട്


രമേശ് ചെന്നിത്തല
ഹരിപ്പാട്


എം. ലിജു
കായംകുളം


എം.എസ്. അരുൺകുമാർ
മാവേലിക്കര


സജി ചെറിയാൻ
ചെങ്ങന്നൂർ

## പത്തനംതിട്ട


വർഗ്ഗീസ് മാമ്മൻ
തിരുവല്ല


പഴകുളം മധു
റാന്നി


അബിൻ വർക്കി കോടിയാട്ട്
ആറന്മുള


കെ. യു. ജനീഷ് കുമാർ
കോന്നി


സി. വി. ശാന്തകുമാർ
അടൂർ

## കൊല്ലം


സി. ആർ. മഹേഷ്
കരുനാഗപ്പള്ളി


ഷിബു ബേബി ജോൺ
ചവറ


ഉല്ലാസ് കോവൂർ
കുന്നത്തൂർ


കെ. എൻ. ബാലഗോപാൽ
കൊട്ടാരക്കര


ജ്യോതികുമാർ ചാമക്കാല
പത്തനാപുരം


സി. അജയപ്രസാദ്
പുനലൂർ


എം. എം. നസീർ
ചടയമംഗലം


പി. സി. വിഷ്ണുനാഥ്
കുണ്ടറ


ബിന്ദു കൃഷ്ണ
കൊല്ലം


വിഷ്ണു മോഹൻ
ഇരവിപുരം


ബി. ബി. ഗോപകുമാർ
ചാത്തന്നൂർ

## തിരുവനന്തപുരം


വി. ജോയി
വർക്കല


ഒ. എസ്. അംബിക
ആറ്റിങ്ങൽ


രമ്യാ ഹരിദാസ്
ചിറയിൻകീഴ്


ജി. ആർ. അനിൽ
നെടുമങ്ങാട്


സുധീർഷാ പാലോട്
വാമനപുരം


വി. മുരളീധരൻ
കഴക്കൂട്ടം


കെ. മുരളീധരൻ
വട്ടിയൂർക്കാവ്


സി. പി. ജോൺ
തിരുവനന്തപുരം


രാജീവ് ചന്ദ്രശേഖർ
നേമം


ജി. സ്റ്റീഫൻ
അരുവിക്കര


സി. കെ. ഹരീന്ദ്രൻ
പാറശ്ശാല


എം. ആർ. ബൈജു
കാട്ടാക്കട


എം. വിൻസെന്റ്
കോവളം


എൻ. ശക്തൻ
നെയ്യാറ്റിൻകര

# സ്കൂൾ പ്രവേശനോത്സവം



കോട്ടയം എം. ഡി. സെമിനാരി ഹയർ സെക്കൻഡറി സ്കൂളിൽ ജില്ലാതല സ്കൂൾ പ്രവേശനോത്സവത്തിന്റെ ഉദ്ഘാടനം നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു. കുട്ടികൾക്ക് പഠനം ആനന്ദകരമാകാൻ സ്കൂളുകൾ പരിശ്രമിക്കണമെന്നും കേരളത്തിന്റെ ഭാവി നിർണ്ണയിക്കേണ്ട വിദ്യാർഥികളുടെ ആദ്യ ചുവടുവയ്പ്പാണ് പ്രവേശനോത്സവമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഒന്നാം ക്ലാസിൽ ചേർന്ന കുട്ടികൾക്ക് സ്പീക്കർ മധുരവും പൂക്കളും സമ്മാനിച്ച് സ്വീകരിച്ചു. ചടങ്ങിൽ വിദ്യാഭ്യാസ വകുപ്പു മന്ത്രി എൻ. ഷംസുദ്ദീൻ ഓൺലൈനായി കുട്ടികൾക്ക് സന്ദേശം നൽകി. തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, ജില്ലാ കളക്ടർ, മറ്റ് ഉദ്യോഗസ്ഥർ, സ്കൂൾ ഭാരവാഹികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# കോട്ടയത്തെ ഗതാഗതക്കുരുക്കിന് പരിഹാര മാർഗം



കോട്ടയം നഗരത്തിലെയും സമീപമേഖലകളിലെയും ഗതാഗതക്കുരുക്കിനുള്ള ശാശ്വതപരിഹാരം കാണുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ കോട്ടയം കളക്ട്രേറ്റിൽ യോഗം ചേർന്നു. ആദ്യഘട്ടമായി നിലവിലുള്ള നിയമങ്ങളും നിയന്ത്രണങ്ങളും നഗരത്തിൽ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കി ഗതാഗതം സുഗമമാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ജില്ലാ കളക്ടർ, ജില്ലാ പൊലീസ് മേധാവി, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ ഉൾപ്പെട്ട സമിതിയെ ചുമതലപ്പെടുത്തി. സമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനമെടുക്കുമെന്നും നാറ്റ്പാക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗതാഗത പരിഷ്കരണം നടപ്പാക്കുമെന്നും സ്പീക്കർ യോഗത്തിൽ അറിയിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, ജില്ലാ കളക്ടർ, ജില്ലാ പൊലീസ് മേധാവി, വിവിധ സംഘടനാ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു

# ലോക പുകയിലവിരുദ്ധ ദിനാചരണം




ലോക പുകയിലവിരുദ്ധ ദിനാചരണത്തിന്റെ ജില്ലാതല ഉദ്ഘാടനം കോട്ടയം ബസേലിയസ് കോളേജിൽ നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ നിർവഹിച്ചു. ലഹരിക്കെതിരായ മാനസികാവസ്ഥ വളർത്തുന്നതിനുള്ള ഇടപെടൽ കാലഘട്ടത്തിന്റെ അനിവാര്യതയാണെന്നും പണമുണ്ടാക്കാനുള്ള കുറുക്കുവഴിയായി കുട്ടികൾ പോലും ലഹരി വിൽപ്പനയെ കാണുമ്പോൾ സമൂഹം കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ മികവ് പുലർത്തിയ ജീവനക്കാർക്ക് മെമന്റോ സമ്മാനിച്ച അദ്ദേഹം ആരോഗ്യ വകുപ്പ് തയ്യാറാക്കിയ ലഹരി വിരുദ്ധ പോസ്റ്ററിന്റെ പ്രകാശനവും നിർവഹിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപന ജനപ്രതിനിധികൾ, ഡെപ്യൂട്ടി കളക്ടർ, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ, കോളേജ് ഭാരവാഹികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ചിത്രജാലകം



ഇരുപത്തിനാലാമത് മന്ത്രിസഭയിലെ അംഗങ്ങൾ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറോടൊപ്പം

# ചിത്രജാലകം



നയപ്രഖ്യാപന പ്രസംഗത്തിനെത്തിയ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറെ നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ, മുഖ്യമന്ത്രി വി. ഡി. സതീശൻ, പാർലമെന്ററികാര്യ വകുപ്പുമന്ത്രി സണ്ണി ജോസഫ്, നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ് ഷാജി സി. ബേബി എന്നിവർ ചേർന്ന് സ്വീകരിക്കുന്നു.



ഭരണഘടനാ ശില്പി ഡോ. ബി. ആർ. അംബേദ്കറുടെ ജന്മവാർഷിക ദിനാചരണത്തിന്റെ ഭാഗമായി, 2026 ഏപ്രിൽ 14ന് നിയമസഭാ സമുച്ചയത്തിലെ അംബേദ്കർ പ്രതിമയിൽ പതിനഞ്ചാം കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ പുഷ്പാർച്ചന നടത്തുന്നു.



അറിവോരം ന്യൂസ് മാഗസിൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളും ഉദ്യോഗസ്ഥരും ചീഫ് എഡിറ്ററും പതിനഞ്ചാം കേരള നിയമസഭാ സ്പീക്കറുമായ എ. എൻ. ഷംസീറിനൊപ്പം

# നിയമസഭാ ദിനാചരണം

2026-ലെ നിയമസഭാ ദിനം കേരള നിയമസഭാ സെക്രട്ടേറിയറ്റിൽ സമുചിതമായി ആഘോഷിച്ചു. ദിനാചരണത്തിന്റെ ഭാഗമായി ഏപ്രിൽ 27ന് നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള ദേശീയ നേതാക്കളുടെ പ്രതിമയിൽ പതിനഞ്ചാം കേരള നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ പുഷ്പാർച്ചന നടത്തി. നിയമസഭാ ദിനാഘോഷത്തോടനുബന്ധിച്ച് ഏപ്രിൽ 26 മുതൽ മേയ് 03 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.30 മുതൽ രാത്രി 8.00 മണി വരെയും പൊതുഅവധി ദിവസങ്ങളിൽ ഉച്ചയ്ക്ക് 2.00 മണി മുതൽ രാത്രി 8.00 മണി വരെയും നിയമസഭാ മന്ദിരത്തിലും നിയമസഭാ മ്യൂസിയത്തിലും പൊതുജനങ്ങൾക്ക് പ്രവേശനം അനുവദിച്ചു.



# ജീവനക്കാരെ അഭിസംബോധന ചെയ്തു




പതിനഞ്ചാം കേരള നിയമസഭയുടെ കാലാവധി അവസാനിച്ചതിന്റെ ഭാഗമായി നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ എന്നിവർ 2026 ഏപ്രിൽ 28ന് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടന്ന ചടങ്ങിൽ നിയമസഭാ സെക്രട്ടേറിയറ്റിലെയും അനുബന്ധ വകുപ്പുകളിലെയും ജീവനക്കാരെ അഭിസംബോധന ചെയ്ത് സംസാരിച്ചു. സെക്രട്ടറി-ഇൻ-ചാർജ് ഷാജി സി. ബേബി സ്വാഗതം ആശംസിച്ച പരിപാടിയിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ വിവിധ സംഘടനാ നേതാക്കൾ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. അഡീഷണൽ സെക്രട്ടറി എം. എസ്. വിജയൻ കൃതജ്ഞത രേഖപ്പെടുത്തി.

# ഭരണഘടനാ നിർമ്മാണസഭാ ചർച്ചകൾ – മലയാള പരിഭാഷ വാല്യം – VII പ്രകാശനം



ഭരണഘടനാ നിർമ്മാണസഭാ ചർച്ചകൾ – ഔദ്യോഗിക റിപ്പോർട്ടിന്റെ മലയാള പരിഭാഷ വാല്യം VII - 2026 ഏപ്രിൽ 21ന് നിയമസഭാ സമുച്ചയത്തിലെ ബാങ്ക്വറ്റ് ഹാളിൽ പതിനഞ്ചാം കേരള നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ പ്രകാശനം ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ സെക്രട്ടറി-ഇൻ-ചാർജ് ഷാജി സി. ബേബി സ്വാഗതം ആശംസിക്കുകയും ഗവ. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു. സി.എ.ഡി പരിഭാഷ പ്രോജക്ട് വിദഗ്ധ സമിതി ചെയർപേഴ്സൺ ഡോ. എൻ. കെ. ജയകുമാറിനെ ചടങ്ങിൽ ആദരിച്ചു. എഡിറ്റോറിയൽ ബോർഡ് അംഗങ്ങളായ സാമാജികർ മാത്യു ടി. തോമസ്, പി. എസ്. സുപാൽ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, തോമസ് കെ. തോമസ്, എം. രാജഗോപാലൻ, നിയമവകുപ്പ് സെക്രട്ടറി കെ. ജി. സനൽകുമാർ, വിദഗ്ധ സമിതി അംഗം ജോർജ്ജ് ഓണക്കൂർ, മുഖ്യവിവരാവകാശ കമ്മീഷണർ വി. ഹരി നായർ, മുൻ നിയമസഭാ സെക്രട്ടറിമാരായ ഡോ. എൻ. കൃഷ്ണ കുമാർ, എസ്. വി. ഉണ്ണികൃഷ്ണൻ നായർ എന്നിവർ ആശംസ അർപ്പിച്ച് സംസാരിച്ചു. പരിഭാഷാ പദ്ധതിയുടെ ഭാഗമായ എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ, വിദഗ്ധ സമിതി അംഗങ്ങൾ, നിയമസഭാ സെക്രട്ടറിയേറ്റിലെയും നിയമവകുപ്പിലെയും മുൻ സെക്രട്ടറിമാർ എന്നിവർക്കുള്ള പ്രശംസ പത്രങ്ങളും പങ്കാളിത്ത സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. സി.എ.ഡി. പരിഭാഷാ വിഭാഗം ജോയിന്റ് സെക്രട്ടറി ജ്യോതി എൽ. കൃതജ്ഞത രേഖപ്പെടുത്തി.

## അപു ജോൺ ജോസഫ് – ഗവൺമെന്റ് ചീഫ് വിപ്പ്



പതിനാറാം കേരള നിയമസഭയുടെ ഗവൺമെന്റ് ചീഫ് വിപ്പായി അപു ജോൺ ജോസഫിനെ കാബിനറ്റ് പദവിയിൽ നിയമിച്ചു. മേയ് 25ന് ചേർന്ന മന്ത്രിസഭാ യോഗമാണ് ശിപാർശ ചെയ്തത്. തൊടുപുഴ നിയോജക മണ്ഡലത്തിൽ നിന്നുള്ള കേരള കോൺഗ്രസ് അംഗമായ അദ്ദേഹം ആദ്യമായാണ് നിയമസഭാംഗമാകുന്നത്. എഞ്ചിനീയറിംഗ് ബിരുദധാരിയായ അപു ജോൺ ജോസഫ് മുൻമന്ത്രിയും കേരളാ കോൺഗ്രസ് നേതാവുമായ പി. ജെ. ജോസഫിന്റെയും ഡോ. ശാന്ത ജോസഫിന്റെയും മകനാണ്.

**വേർപാട്**

## റ്റി.യു. കുരുവിള



മുൻ മന്ത്രിയും കേരള കോൺഗ്രസ് നേതാവുമായിരുന്ന റ്റി.യു. കുരുവിള (90) 2026 മേയ് 29ന് അന്തരിച്ചു. പന്ത്രണ്ട്, പതിമൂന്ന് കേരള നിയമസഭകളിൽ അംഗമായിരുന്ന അദ്ദേഹം കോതമംഗലം മണ്ഡലത്തെയാണ് നിയമസഭയിൽ പ്രതിനിധീകരിച്ചത്. 15.09.2006-04.09.2007 കാലയളവിൽ പൊതുമരാമത്ത് വകുപ്പു മന്ത്രിയായിരുന്നു. ഔസേപ്പ് ഉതുപ്പിന്റെയും മറിയം ഉതുപ്പിന്റെയും മകനായി 1936 ആഗസ്റ്റ് 13നായിരുന്നു ജനനം. സിവിൽ എഞ്ചിനീയറിംഗ് ഡിപ്ലോമ കരസ്ഥമാക്കിയ ശേഷമാണ് പൊതുരംഗത്തെത്തുന്നത്. കീരംപാറ പഞ്ചായത്ത്, കീരംപാറ സർവ്വീസ് സഹകരണ സംഘം എന്നിവയുടെ പ്രസിഡന്റ്, പ്ലാന്റേഷൻ കോർപ്പറേഷൻ, കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് എന്നിവയുടെ ചെയർമാൻ, റബ്ബർ ബോർഡ് അംഗം, കേരള കോൺഗ്രസ് സംസ്ഥാന ട്രഷറർ & സെക്രട്ടറി, കേരള കോൺഗ്രസ് (എം) സംസ്ഥാന കോ-ഓർഡിനേറ്റർ, മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭാ സെക്രട്ടറി തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്. സൗത്ത് ഈസ്റ്റേൺ യൂണിവേഴ്സിറ്റി ഓഫ് ലണ്ടനിൽ നിന്നും ഓണററി ഡോക്ടറേറ്റ് ലഭിച്ചിട്ടുണ്ട്.

ഭാര്യ : ചിന്നമ്മ കുരുവിള. അഞ്ച് മക്കൾ.

## കെ. പി. ധനപാലൻ



കോൺഗ്രസിന്റെ മുതിർന്ന നേതാവും മുൻ എം.പി.യുമായ കെ. പി. ധനപാലൻ (76) 2026 മേയ് 30ന് അന്തരിച്ചു. കെ.കെ. പങ്കജാക്ഷന്റെയും മാധവിയുടെയും മകനായി ജനിച്ച ധനപാലൻ, കെ.എസ്.യു.വിലൂടെയാണ് പൊതുരംഗത്തെത്തിയത്. 2009ൽ ചാലക്കുടിയിൽ നിന്ന് ലോക്സഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. പറവൂർ നഗരസഭാംഗം, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് ഡയറക്ടർ ബോർഡ് അംഗം, മിൽമ ചെയർമാൻ, എറണാകുളം ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് തുടങ്ങിയ പദവികൾ വഹിച്ചിട്ടുണ്ട്.


ഭാര്യ : സുമ. രണ്ട് മക്കൾ.

1. അമേരിക്കയും ഇസ്രായേലും സംയുക്തമായി ഇറാനെതിരെ നടത്തുന്ന ആക്രമണത്തിന് നൽകിയിരിക്കുന്ന കോഡ് നെയിം?

ഓപ്പറേഷൻ എപ്പിക് ഫ്യൂറി

2. അപ്പോളോ ദൗത്യത്തിന് അരനൂറ്റാണ്ടിന് ശേഷം മനുഷ്യനെ ചന്ദ്രന്റെ ഭ്രമണപഥത്തിൽ എത്തിച്ച നാസയുടെ ചാന്ദ്രദൗത്യം?

ആർട്ടെമിസ് – 2



3. 2026 ഏപ്രിൽ 1 മുതൽ നിലവിൽ വന്ന ആദായനികുതി നിയമപ്രകാരം അസെസ്മെന്റ് ഇയർ എന്നതിന് പകരം ഉപയോഗിക്കുന്ന വാക്ക്?

നികുതി വർഷം (ടാക്സ് ഇയർ)

4. ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതിനായി ആദായ നികുതി വകുപ്പ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യാ സഹായത്തോടെ ആരംഭിച്ച ചാറ്റ്ബോട്ട്?

കർ സാഥി (Kar Saathi)




5. രാജ്യസഭയുടെ ഉപാധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട രാഷ്ട്രപതി നാമനിർദ്ദേശം ചെയ്ത ആദ്യ അംഗം?

ഹരിവംശ് നാരായൺ സിങ്



6. ഇന്ത്യയിൽ ഔദ്യോഗികമായി ദയാവധത്തിന് (Passive Euthanasia) വിധേയനായ വ്യക്തി?

ഹരീഷ് റാണ (ഉത്തർപ്രദേശ് ഗാസിയാബാദ് സ്വദേശി)



7. ആഗോളതാപനം, വായു മലിനീകരണം, സമുദ്രത്തിലെ മാറ്റങ്ങൾ, മണ്ണിലെ ഈർപ്പം, റേഡിയേഷൻ എന്നിവ നിരീക്ഷിക്കാനും പഠിക്കാനും ലക്ഷ്യമിട്ട് ഇന്ത്യ രൂപകൽപ്പന ചെയ്ത ഉപഗ്രഹം?

ജി 20 ഉപഗ്രഹം (G 20 Satellite)




8. 2026-ലെ ആന്ധ്രാപ്രദേശ് പുനഃസംഘടന (ഭേദഗതി) നിയമ പ്രകാരം സംസ്ഥാനത്തിന്റെ ഏക ഔദ്യോഗിക തലസ്ഥാനം?

അമരാവതി



9. കേരള നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ഏറ്റവും കൂടുതൽ ഭൂരിപക്ഷം ലഭിച്ച സാമാജികൻ?

പി. കെ. കുഞ്ഞാലിക്കുട്ടി (ഭൂരിപക്ഷം: 85,327)



10. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ജനിച്ച ആദ്യ കേരള മുഖ്യമന്ത്രി?

വി. ഡി. സതീശൻ

11. പതിനാറാം കേരള നിയമസഭയിലെ ഏറ്റവും പ്രായം കൂടിയ സാമാജികൻ?

പിണറായി വിജയൻ

12. പതിനാറാം കേരള നിയമസഭയിലെ വനിതാ പ്രാതിനിധ്യം എത്ര?

പതിനൊന്ന്



## സി. ജോസഫ് വിജയ് – തമിഴ്നാട് മുഖ്യമന്ത്രി

പ്രമുഖ തമിഴ് ചലച്ചിത്ര അഭിനേതാവും തമിഴക വെട്രി കഴകം (ടിവികെ) സ്ഥാപകനേതാവുമായ സി. ജോസഫ് വിജയ് തമിഴ്നാട് മുഖ്യമന്ത്രിയായി 2026 മേയ് 10ന് അധികാരമേറ്റു. ചെന്നൈ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. 234 അംഗ നിയമസഭയിൽ വിവിധ പാർട്ടികളുടെ പിന്തുണ നേടിയാണ് വിജയ് സർക്കാർ കേവലഭൂരിപക്ഷത്തോടെ അധികാരത്തിലെത്തിയത്. ഉദയനിധി സ്റ്റാലിൻ ആണ് പ്രതിപക്ഷ നേതാവ്.

## ഹിമന്ത ബിശ്വ ശർമ്മ – അസം മുഖ്യമന്ത്രി

അസം മുഖ്യമന്ത്രിയായി ഹിമന്ത ബിശ്വ ശർമ്മ 2026 മേയ് 12ന് അധികാരമേറ്റു. ഗുവാഹട്ടി ഖാനാപ്പാറ വെറ്ററിനറി കോളേജ് മൈതാനത്തു നടന്ന ചടങ്ങിൽ ഗവർണ്ണർ ലക്ഷ്മൺ പ്രസാദ് ആചാര്യ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. തുടർച്ചയായ രണ്ടാം തവണയാണ് അദ്ദേഹം മുഖ്യമന്ത്രിയാകുന്നത്. 126 അംഗ നിയമസഭയിൽ 102 സീറ്റുകൾ നേടിയാണ് എൻ.ഡി.എ സഖ്യം മൂന്നാം തവണയും അധികാരം നിലനിർത്തിയത്.





## സുവേന്ദു അധികാരി – പശ്ചിമബംഗാൾ മുഖ്യമന്ത്രി

പശ്ചിമ ബംഗാളിന്റെ ഒമ്പതാമത്തെ മുഖ്യമന്ത്രിയായി സുവേന്ദു അധികാരി 2026 മേയ് 9ന് ചുമതലയേറ്റു. കൊൽക്കത്ത ബ്രിഗേഡ് മൈതാനത്ത് നടന്ന ചടങ്ങിൽ ഗവർണ്ണർ ആർ. എൻ. രവി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. 294 അംഗ നിയമസഭയിൽ 204 സീറ്റുകൾ നേടിയാണ് സുവേന്ദു അധികാരിയുടെ നേതൃത്വത്തിലുള്ള ബി.ജെ.പി. സർക്കാർ അധികാരമേറ്റത്. മമത ബാനർജി സർക്കാരിന്റെ കാലത്ത് പ്രതിപക്ഷ നേതാവായിരുന്നു അദ്ദേഹം.

## സമ്രാട്ട് ചൗധരി – ബിഹാർ മുഖ്യമന്ത്രി



ബിഹാർ മുഖ്യമന്ത്രിയായി സമ്രാട്ട് ചൗധരി 2026 ഏപ്രിൽ 16 ന് പ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ലോക് ഭവനിൽ നടന്ന ചടങ്ങിൽ ഗവർണ്ണർ സെയ്ദ് അതാ ഹസ്നൈൻ പ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു. മുഖ്യമന്ത്രിയായിരുന്ന നിതീഷ്കുമാർ രാജ്യസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ട ഒഴിവിലാണ് സമ്രാട്ട് ചൗധരി മുഖ്യമന്ത്രിയായത്. നിതീഷ്കുമാർ സർക്കാരിൽ ഉപമുഖ്യമന്ത്രി ആയിരുന്നു സമ്രാട്ട് ചൗധരി.



## എൻ. രംഗസാമി – പുതുച്ചേരി മുഖ്യമന്ത്രി

കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയുടെ മുഖ്യമന്ത്രിയായി എൻ. രംഗസാമി 2026 മേയ് 13ന് ചുമതലയേറ്റു. ലോക് നിവാസിൽ നടന്ന ചടങ്ങിൽ ലഫ്റ്റനന്റ് ഗവർണ്ണർ കെ. കൈലാസനാഥൻ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മുപ്പതംഗ നിയമസഭയിൽ ആൾ ഇന്ത്യ എൻ ആർ കോൺഗ്രസ് പാർട്ടി നേതൃത്വത്തിലുള്ള എൻ.ഡി.എ. സഖ്യം പതിനെട്ട് സീറ്റുകൾ നേടിയാണ് അധികാരം നിലനിർത്തിയത്. അഞ്ചാം തവണ യാണ് രംഗസാമി പുതുച്ചേരി മുഖ്യമന്ത്രിയാകുന്നത്.

## ജി. സുധാകരൻ – പ്രോ ടെം സ്പീക്കർ

പതിനാറാം കേരള നിയമസഭയുടെ പ്രോ ടെം സ്പീക്കറായി ഭരണമുന്നണിയിലെ മുതിർന്ന അംഗം ജി. സുധാകരൻ ചുമതല യേറ്റു. 2026 മേയ് 20ന് ലോക്ഭവനിലെ ഗവർണ്ണറുടെ ചേംബറിൽ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറുടെ മുമ്പാകെ ആദ്യം നിയമസഭാംഗമായും തുടർന്ന് പ്രോ ടെം സ്പീക്കറായും അദ്ദേഹം പ്രതിജ്ഞ ചെയ്തു. മേയ് 21ന് പുതിയ സാമാജികരുടെ പ്രതിജ്ഞ യും മേയ് 22ന് സ്പീക്കറുടെ തിരഞ്ഞെടുപ്പും നിയന്ത്രിച്ച് നടപ്പിലാക്കിയത് പ്രോ ടെം സ്പീക്കറായിരുന്നു.



# പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം





പതിനാറാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനം 2026 മേയ് 21 ന് ആരംഭിച്ചു. മേയ് 21ന്, പ്രോ ടെം സ്പീക്കർ ജി. സുധാകരന്റെ മുമ്പാകെ പുതുതായി തിരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങൾ പ്രതിജ്ഞ ചെയ്തു. മേയ് 22ന് നടന്ന സ്പീക്കർ തിരഞ്ഞെടുപ്പിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ കേരള നിയമസഭാ സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടു. മേയ് 29ന്, ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നയപ്രഖ്യാപന പ്രസംഗം നടത്തി. ജൂൺ 2ന് നടന്ന ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പിൽ ഷാനിമോൾ ഉസ്മാൻ കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടു. ജൂൺ 2 മുതൽ 4 വരെയാണ് ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തിന്മേലുള്ള ചർച്ച. ജൂൺ 19ന് നിലവിലെ സർക്കാരിന്റെ ആദ്യ ബജറ്റ് അവതരിപ്പിക്കും. ജൂലൈ ഒന്നാം തീയതി സമ്മേളനം അവസാനിക്കും.




നിയമസഭാ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ 2026 മേയ് 25ന് ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരെ അഭിസംബോധന ചെയ്ത് സംസാരിക്കുന്നു.



## സാമാജികരുടെ വാസസ്ഥലം – ലെജിസ്ലേറ്റേഴ്സ് ഹോം

കേരള നിയമസഭയിലെ സാമാജികരുടെ വാസസ്ഥലത്തിന്റെ പേര് 'ലെജിസ്ലേറ്റേഴ്സ് ഹോം' എന്ന് മാറ്റി നിയമസഭാ സെക്രട്ടേറിയറ്റ് ഉത്തരവിറക്കി. ഔദ്യോഗിക രേഖകളിൽ ഉൾപ്പെടെ സാമാജികരുടെ വാസസ്ഥലത്തിന് നിയമസഭാ ഹോസ്റ്റൽ, എം.എൽ.എ. ഹോസ്റ്റൽ, ലെജിസ്ലേറ്റേഴ്സ് ഹോസ്റ്റൽ എന്നീ പേരുകളാണ് നിലവിൽ ഉപയോഗിച്ചു വന്നിരുന്നത്. "Rules regarding the Control and occupation of Legislators Home' പ്രകാരം 'ലെജിസ്ലേറ്റേഴ്സ് ഹോം' എന്നാണ് നിർവചിച്ചിട്ടുള്ളത്. എല്ലാ ഔദ്യോഗിക രേഖകളിലും മേൽ സൂചിപ്പിച്ച പേരുകൾക്ക് പകരം 'ലെജിസ്ലേറ്റേഴ്സ് ഹോം' എന്ന് ഉപയോഗിക്കണമെന്നാണ് ഉത്തരവായിട്ടുള്ളത്.

## പാർലമെന്റിന്റെ ബജറ്റ് സമ്മേളനം



പതിനെട്ടാം ലോക്സഭയുടെ 2026ലെ ബജറ്റ് സമ്മേളനം മൂന്ന് ഘട്ടങ്ങളിലായി നടന്നു. ആദ്യഘട്ടം 2026 ജനുവരി 28 മുതൽ ഫെബ്രുവരി 13 വരെയും രണ്ടാം ഘട്ടം മാർച്ച് 9 മുതൽ ഏപ്രിൽ 2 വരെയും പ്രത്യേക സമ്മേളനം ഏപ്രിൽ 16 മുതൽ 18 വരെയുമാണ് ചേർന്നത്. ആദ്യ ഘട്ടത്തിൽ പതിമൂന്ന് സിറ്റിംഗുകളും രണ്ടാം ഘട്ടത്തിൽ പതിനഞ്ച് സിറ്റിംഗുകളും മൂന്നാം ഘട്ടത്തിൽ മൂന്ന് സിറ്റിംഗുകളുമായി ആകെ മുപ്പത്തിയൊന്ന് ദിവസമാണ് പാർലമെന്റിന്റെ ഇരുസഭകളും സമ്മേളിച്ചത്.

പ്രസ്തുത സമ്മേളനത്തിൽ ലോക്സഭ പന്ത്രണ്ട് ബില്ലുകളും രാജ്യസഭ ഒരു ബില്ലും അവതരിപ്പിച്ചെങ്കിലും ഒൻപത് ബില്ലുകളാണ് ഇരുസഭകളും പാസാക്കിയത്. ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് (ഭേദഗതി) ബിൽ, 2026, ട്രാൻസ്ജെൻഡർ പേഴ്സൺസ് (പ്രൊട്ടക്ഷൻ ഓഫ് റൈറ്റ്സ്) ഭേദഗതി ബിൽ, 2026, ദ ഇൻസോൾവൻസി ആന്റ് ബാങ്ക്റപ്റ്റ്സി കോഡ് (ഭേദഗതി) ബിൽ 2026, ജൻ വിശ്വാസ് (അമെൻഡ്മെന്റ് ഓഫ് പ്രൊവിഷൻസ്) ബിൽ, 2026, സെൻട്രൽ ആംഡ് പൊലീസ് ഫോഴ്സസ് (ജനറൽ അഡ്മിനിസ്ട്രേഷൻ) ബിൽ, 2026 എന്നിവ പാസാക്കിയ ബില്ലുകളിൽ പെടുന്നു.

ഭരണഘടനയുടെ ആർട്ടിക്കിൾ 87(1) പ്രകാരം, രാഷ്ട്രപതി 28.01.2026 ന് പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്തു. 2026 ഫെബ്രുവരി 1-നാണ് ബജറ്റ് അവതരണം നടന്നത്.

## വനിതാ സംവരണ ബിൽ

ഭാരത സർക്കാർ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന ഒരു ബില്ലാണ് വനിതാ സംവരണ ബിൽ (128-ാം ഭരണഘടനാ ഭേദഗതി ബിൽ). ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കുമുള്ള തിരഞ്ഞെടുപ്പുകളിലേക്കുള്ള സീറ്റുകളിൽ 33 ശതമാനം സ്ത്രീകൾക്ക് സംവരണം ചെയ്യാൻ ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ. 2023 സെപ്റ്റംബറിൽ പാർലമെന്റ് പാസാക്കിയ ഈ ബിൽ, പുതിയ സെൻസസിനും മണ്ഡല പുനർനിർണ്ണയത്തിനും ശേഷമായിരിക്കും നിലവിൽ വരുത്തുക. ഇതിനായി മണ്ഡല പുനർനിർണ്ണയം നടത്തി ലോക്സഭാ സീറ്റുകൾ നിലവിലെ 543 ൽ നിന്നും 850 ആയി ഉയർത്തുന്നതിന് ലക്ഷ്യമിട്ടുകൊണ്ടാണ് പാർലമെന്റിന്റെ പ്രത്യേക സമ്മേളനത്തിൽ 2026 ഏപ്രിൽ 17-ന് വനിതാ സംവരണബിൽ (131-ാം ഭരണഘടനാ ഭേദഗതി ബിൽ) 2026 അവതരിപ്പിച്ചത്. എന്നാൽ ഭരണഘടനാ ഭേദഗതി പാസാക്കാൻ ആവശ്യമായ ഭൂരിപക്ഷം ഇല്ലാത്തതിനാൽ ബിൽ പരാജയപ്പെട്ടു. ഭരണഘടനാ ഭേദഗതി പാസാക്കുന്നതിന് ചർച്ചയിൽ പങ്കെടുക്കുന്ന ആകെ അംഗങ്ങളുടെ മൂന്നിൽ രണ്ട് ഭൂരിപക്ഷം ആവശ്യമാണ്. മുഖ്യ ഭരണഘടനാ ഭേദഗതി ബിൽ പരാജയപ്പെട്ട സാഹചര്യത്തിൽ അനുബന്ധ ബില്ലുകളായ മണ്ഡല പുനർനിർണ്ണയ ബിൽ 2026, കേന്ദ്രഭരണ പ്രദേശങ്ങളിൽ വനിതാ സംവരണം നടപ്പിലാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന വനിതാ സംവരണ ഭേദഗതി ബിൽ എന്നിവ ലോക്സഭ പരിഗണിച്ചില്ല. വനിതാ സംവരണത്തിന്റെ മറവിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ രാഷ്ട്രീയ പ്രാതിനിധ്യം ദുർബലമാക്കുന്നവിധം മണ്ഡല പുനർനിർണ്ണയം നടത്താനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നായിരുന്നു പ്രതിപക്ഷത്തിന്റെ പ്രധാന വിമർശനം.





# ആര്യാടൻ മുഹമ്മദ് : സഭാ നടപടികളിലെ അതികായൻ

സംസ്ഥാനത്തെ മുൻ മന്ത്രിയും പ്രമുഖ കോൺഗ്രസ് നേതാവുമായിരുന്ന ആര്യാടൻ മുഹമ്മദ് എട്ടു തവണ കേരള നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. നിലമ്പൂർ നിയോജക മണ്ഡല ത്തെയാണ് അദ്ദേഹം പ്രതിനിധീ കരിച്ചിരുന്നത്.

മലപ്പുറം ജില്ലയിലെ നില മ്പൂരിൽ ആര്യാടൻ ഉണ്ണീന്റെയും ഖദിയുമ്മയുടെയും മകനായി 1935 മേയ് 15ന് ജനിച്ച ആര്യാടൻ മുഹമ്മദ്, നിലമ്പൂർ മാനവേദൻ ഹൈസ്കൂളിൽ പഠിക്കുമ്പോഴാണ് വിദ്യാർഥി കോൺഗ്രസിൽ ആകൃഷ്ടനായത്. ട്രേഡ് യൂണി യൻ പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിൽ പ്രവേശിച്ച അദ്ദേഹം 1956ൽ വണ്ടൂർ ഫർക്ക കോൺഗ്രസ് കമ്മിറ്റി ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. 1969 ൽ മലപ്പുറം ജില്ലയുടെ രൂപീകരണ ത്തോടെ ആദ്യത്തെ ജില്ലാ കോൺഗ്രസ് കമ്മിറ്റി പ്രസി ഡന്റായി.


നിലമ്പൂരിൽ നിന്ന് ആദ്യമായി അഞ്ചാം കേരള നിയമസഭയിലെത്തിയത് 1977ലെ തിരഞ്ഞെടുപ്പിലൂടെ യാണ്. തുടർന്ന് ആറാം കേരള നിയമസഭയിലും എട്ടു മുതൽ പതിമൂന്നു വരെ കേരള നിയമസഭകളിലും ആര്യാടൻ മുഹമ്മദ് നിലമ്പൂർ മണ്ഡലത്തെ പ്രതിനിധീകരിച്ചു. നായനാർ സർക്കാരിന്റെ കാലത്താണ് (25.1.1980–16.10.1981) ആദ്യമായി മന്ത്രിയായത്. തൊഴിൽ, വനം വകുപ്പു മന്ത്രിയായ ശേഷമാണ് ഉപതിരഞ്ഞെടുപ്പിലൂടെ നിയമ സഭാംഗമായത്. തുടർന്ന് ആന്റണി മന്ത്രിസഭയിൽ തൊഴിൽ, ടൂറിസം വകുപ്പുമന്ത്രി (20.4.1995–9.5.1996), ഉമ്മൻ ചാണ്ടി മന്ത്രിസഭകളിൽ വൈദ്യുതി വകുപ്പുമന്ത്രി (5.9.2004–12.5.2006), ഊർജ്ജ വകുപ്പുമന്ത്രി (23.5.2011–11.4.2012, 01.01.2014–20.5.2016), ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (12.4.2012–1.12.2013) തുടങ്ങിയ ചുമതലകൾ വഹിച്ചു. മന്ത്രിയാ യിരിക്കേ കർഷകത്തൊഴിലാളി പെൻഷൻ പദ്ധതി, തൊഴിലാളി കൾക്ക് അനുകൂലമായ തൊഴിൽ നിയമഭേദഗതികൾ, തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കൽ, ഊർജ്ജ പ്രതിസന്ധി പരിഹരിക്കൽ തുടങ്ങിയ മേഖലകളിൽ ശ്രദ്ധേയമായ പങ്കുവഹിച്ചു.

കേരള നിയമസഭയുടെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി (1998–2001, 2006–2011), പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി (2001–2004) എന്നിവയുടെ ചെയർമാൻ, കോൺഗ്രസ് പാർലമെന്ററി പാർട്ടി സെക്രട്ടറി, എൻ.സി.ഡി.സി, നാഫെഡ് എന്നിവയുടെ ഡയറക്ടർ, സ്റ്റേറ്റ് മാർക്കറ്റിംഗ് ഫെഡറേഷൻ പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി (13 വർഷം), മലപ്പുറം ജില്ലാ കോൺഗ്രസ് കമ്മിറ്റി, കോഴിക്കോട് ജില്ലാ കോൺഗ്രസ് കമ്മിറ്റി എന്നിവ യുടെ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

2022 സെപ്റ്റംബർ 25ന് എൺപത്തിയേഴാമത്തെ വയസ്സിൽ അന്തരിച്ച ആര്യാടൻ മുഹമ്മദിന് 2022 ഡിസംബർ 5ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു.

ഭാര്യ: മറിയം. ആര്യാടൻ ഷൗക്കത്ത് എം.എൽ.എ. ഉൾപ്പെടെ 4 മക്കളാണ്.

# സി. എ. കുര്യൻ : ബാങ്ക് ഉദ്യോഗത്തിൽ നിന്ന് ഡെപ്യൂട്ടി സ്പീക്കർ പദവിയിലേക്ക്



ബാങ്കുദ്യോഗം രാജി വച്ചശേഷം ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിൽ സജീവമാകുകയും പിന്നീട് കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കർ പദവി വരെ അലങ്കരിക്കുകയും ചെയ്ത വ്യക്തിയാണ് സി. എ. കുര്യൻ. സി.പി.ഐ. ദേശീയ കൗൺസിൽ അംഗമായിരുന്ന അദ്ദേഹം പത്താം കേരള നിയമസഭയുടെ കാലയളവിൽ 1996 ജൂലൈ 17 മുതൽ 2001 മേയ് 16 വരെയാണ് ഡെപ്യൂട്ടി സ്പീക്കർ പദവി വഹിച്ചത്.

കോട്ടയം പുതുപ്പള്ളി ഇരവിനല്ലൂരിൽ ചെമ്പിലായിൽ എബ്രഹാമിന്റെയും പൊന്നമ്മയുടെയും മകനായി 1933 ഡിസംബർ 25ന് ജനിച്ച സി.എ. കുര്യൻ ബിരുദപഠനത്തിനുശേഷം സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൽ ജോലി നേടി. പൊതുപ്രവർത്തനത്തിൽ ആകൃഷ്ടനായ അദ്ദേഹം 1960ൽ ജോലി രാജിവച്ച് ട്രേഡ് യൂണിയൻ രംഗത്തിറങ്ങുകയായിരുന്നു. മൂന്നാറിലെ തോട്ടം മേഖല കേന്ദ്രീകരിച്ച് പ്രവർത്തിച്ച അദ്ദേഹം എസ്റ്റേറ്റ് ഉടമകളുടെ ചൂഷണത്തിനെതിരായും തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനും ശക്തമായ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു. തൊഴിലാളി ക്ഷേമത്തിനായി ട്രേഡ് യൂണിയൻ രംഗത്ത് അഹോരാത്രം പ്രവർത്തിച്ച അദ്ദേഹം രാഷ്ട്രീയ കേസുകളിൽപ്പെട്ട് 27 മാസം വിവിധ ജയിലുകളിലും 1964-66 കാലത്ത് 17 മാസം വിയ്യൂർ സ്പെഷ്യൽ സബ് ജയിലിൽ എ.കെ.ജി. ഉൾപ്പെടെയുള്ള നേതാക്കളോടൊപ്പം കരുതൽ തടങ്കലിലും കഴിഞ്ഞിട്ടുണ്ട്.

പീരുമേട് നിയോജക മണ്ഡലത്തിൽ നിന്ന് അഞ്ച്, ആറ്, പത്ത് കേരള നിയമസഭകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അദ്ദേഹം മൂന്നാം ഇ.കെ. നായനാർ മന്ത്രിസഭയുടെ കാലത്ത് പത്താം കേരള നിയമസഭാ കാലയളവിലാണ് ഡെപ്യൂട്ടി സ്പീക്കർ പദവി വഹിച്ചത്. നിയമസഭാംഗമായിരിക്കേ തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾ സഭയിൽ ഉന്നയിച്ച് പരിഹാരം കാണുന്നതിൽ ശ്രദ്ധേയമായ പങ്കു വഹിച്ചിട്ടുണ്ട്. സി.പി.ഐ. ദേശീയ കൺട്രോൾ കമ്മിഷൻ, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി, ടീ ബോർഡ്, ദേശീയ സംസ്ഥാന ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റികൾ, എ.ഐ.റ്റി.യു.സി. ദേശീയ കൗൺസിൽ എന്നിവയിൽ അംഗം, എ.ഐ.റ്റി.യു.സി. അഖിലേന്ത്യാ വൈസ് പ്രസിഡന്റ്, സംസ്ഥാന പ്രസിഡന്റ്, സെക്രട്ടറി, അഖിലേന്ത്യാ പ്ലാന്റേഷൻ വർക്കേഴ്സ് ഫെഡറേഷൻ ജനറൽ സെക്രട്ടറി, ദേവികുളം എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ പ്രസിഡന്റ്, ഹൈറേഞ്ച് എസ്റ്റേറ്റ് ലേബർ യൂണിയൻ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കല്ലാട്ട് കൃഷ്ണൻ ട്രസ്റ്റ് അവാർഡ്, കെ.കെ. കുഞ്ഞൻ മെമ്മോറിയൽ അവാർഡ്, കെ. പങ്കജാക്ഷൻ ഫൗണ്ടേഷൻ അവാർഡ് എന്നിവ ഉൾപ്പെടെ നിരവധി അവാർഡുകൾ നേടിയിട്ടുണ്ട്.

2021 മാർച്ച് 20ന് എൺപത്തിയേഴാമത്തെ വയസ്സിൽ അന്തരിച്ച അദ്ദേഹത്തിന് 2021 മേയ് 31 ന് കേരള നിയമസഭ ചരമോപചാരം അർപ്പിച്ചു. തങ്കമ്മയാണ് ഭാര്യ. മൂന്നു മക്കളാണ്.



# കാറ്റഗറി അടിസ്ഥാനത്തിലുള്ള തൊഴിലാളി യൂണിയൻ സമ്പ്രദായത്തിന് അറുതിവരുത്തണം : പി.ആർ. ശിവൻ



ആറാം കേരള നിയമസഭയിൽ 1981 ആഗസ്റ്റ് 25ന് 1981 ലെ കേരള ട്രേഡ് യൂണിയൻ അംഗീകാരം സംബന്ധിച്ച ബിൽ അവതരണവേളയിലെ ചർച്ചയിൽ പങ്കെടുത്ത് പി.ആർ. ശിവൻ നടത്തിയ പ്രസംഗത്തിൽ നിന്ന്.

"സർ, ഞാൻ ഈ ബില്ലിനെ സസന്തോഷം പിന്താങ്ങുകയാണ്. നമ്മുടെ തൊഴിൽ നിയമങ്ങളുടെ പട്ടികയിൽ വളരെ ശ്രദ്ധേയമായ ഒരു നിയമം കൂടി ഉണ്ടായിരിക്കുന്നു എന്നുള്ളതു കൊണ്ടുമാത്രമല്ല, നമ്മുടെ രാജ്യത്ത് തൊഴിൽ രംഗത്ത് നിലനിന്നു വരുന്ന ശപിക്കപ്പെട്ട ഒരു കാറ്റഗറി യൂണിയൻ സമ്പ്രദായത്തിനെതിരായിട്ടുള്ള ശക്തമായ ഒരു നിയമനിർമ്മാണം എന്ന നിലയിലുംകൂടിയാണ് അംഗീകരിക്കാൻ സന്തോഷം തോന്നുന്നത്. ഇതിന് ഒരു സാമൂഹ്യ സേവനത്തിന്റെ ബാധ്യത കൂടി ഏറ്റെടുക്കേണ്ടി വന്നിട്ടുണ്ട്. അല്ലെങ്കിൽ ഏറ്റെടുത്തിട്ടുണ്ട്. ചില പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വകാര്യമേഖലാ സ്ഥാപനങ്ങളിലുമൊക്കെ കാറ്റഗറി അടിസ്ഥാനത്തിലുള്ള യൂണിയൻ ഒരുപാട് ജനദ്രോഹം ചെയ്തിട്ടുണ്ട്. ഒരു അനുഭവം പറയാം. രണ്ടായിരം പേർ പണിയെടുക്കുന്ന ഒരു വ്യവസായ സ്ഥാപനത്തിൽ ആറ് ബോയിലർ ഓപ്പറേറ്റർമാരും മൂന്ന് സഹായികളും ചേർന്ന് ഒമ്പതു പേരായാൽ ഒരു യൂണിയനായി. ഈ രണ്ടായിരം പേർ പണിയെടുക്കുന്ന വ്യവസായശാല പ്രവർത്തിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കാൻ ആറ് ബോയിലർ ഓപ്പറേറ്റർമാരും കൂടി തീരുമാനിച്ചാൽ കഴിയുമെന്നുള്ള സ്ഥിതിവിശേഷം ഇന്നു നമ്മുടെ തൊഴിൽ നിയമത്തിന്റെ അടിസ്ഥാനത്തിലുണ്ട്. ഈ നിയമം, ഇത്തരം കാറ്റഗറി പ്രവണതകളെ അവസാനിപ്പിക്കുമെന്നുള്ള ശുഭോദർക്കമായ വകുപ്പുകൾ ഉൾക്കൊള്ളുന്നതു കൊണ്ടാണ് സന്തോഷപൂർവം

ഇതിനെ സ്വാഗതം ചെയ്യുന്നത്. സർ, കെ.എസ്.ആർ.ടി.സി. വലി യൊരു പൊതുമേഖലാ സ്ഥാപന മാണ്. പത്തുനാൽപ്പത്തിനാല് ഡിപ്പോകളിലായി വണ്ടികളിൽ ഡീസൽ നിറയ്ക്കുന്ന ഒന്നില ധികം ഡീസൽ പമ്പ് ഓപ്പറേറ്റർ മാർ കാണും. ഇവരെല്ലാംകൂടി ഡീസലടിക്കുകയില്ലെന്നു തീരുമാ നിച്ചാൽ നമ്മുടെ രാജ്യത്തെ ട്രാൻസ്‌പോർട്ട് കോർപ്പറേഷന്റെ വക വാഹനങ്ങൾ നിശ്ചലമാകും. അത്തരം കാറ്റഗറി അടിസ്ഥാന ത്തിലുള്ള യൂണിയനുകളുടെ പ്രവർത്തനത്തിനു വലിയൊരാ ശ്വാസമാണ് ഈ നിയമം. ആ അടിസ്ഥാനത്തിൽത്തന്നെ ഈ നിയമത്തിനു വലിയ പ്രസക്തിയു മുണ്ട്. കഴിഞ്ഞ കാലങ്ങളിൽ തൊഴിലുടമകളുടെ താൽപ്പര്യ ങ്ങൾ സംരക്ഷിക്കാൻവേണ്ടിക്കൂ ടിയും ചെറിയ യൂണിയനുകൾ നമ്മുടെ നാട്ടിലുണ്ടായിട്ടുണ്ട്. സംഘടിത തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്കുവേണ്ടി ശക്ത മായി വാദിക്കുന്ന ഭൂരിപക്ഷം തൊഴിലാളികളുടെ പിന്തുണ യുള്ള യൂണിയനുകളും ഉണ്ട്. അവ മുതലാളിയുടെ താൽപ്പര്യ ത്തിന് എതിരാണെന്നുള്ളതു കൊണ്ട് അവയെ എതിർക്കാൻ മുതലാളിക്കുംവേണം ഒരു യൂണി യൻ. ആ അടിസ്ഥാനത്തിൽ തൊഴിലുടമയുടെ അംഗീകാരാ ശീർവാദത്തോടുകൂടി നിരവധി ചെറിയ ചെറിയ യൂണിയനുകൾ ഉണ്ടായിട്ടുണ്ട്. അവയ്ക്കെല്ലാം ഈ നിയമം ഒരളവുവരെ പരിഹാ രമുണ്ടാക്കുമെന്നുള്ളതുകൊണ്ടു തന്നെ ഈ നിയമത്തിനംഗീകാരം കൊടുക്കാൻ തൊഴിലാളിവർഗ്ഗം അങ്ങേയറ്റം സന്തോഷം പ്രകടിപ്പി ക്കുമെന്നാണെന്റെ വിശ്വാസം. ഈ നിയമത്തെ സംബന്ധിച്ച് അങ്ങേപ്പുറത്തുള്ളവരുടെ അഭി പ്രായം കേൾക്കാൻ എനിക്കാഗ്രഹ മുണ്ടായിരുന്നു. ഈ നിയമത്തെ ക്കുറിച്ച് അഭിപ്രായം പറയേണ്ടി വരുമോ എന്നു വിചാരിച്ചാണോ അതോ അവസാനദിവസം പ്രതി പക്ഷം ഒന്നിച്ചാണെന്നു കാണി ക്കാനാണോ ഈ പതിവു പരിപാടി നടത്തിയതെന്ന് അറിയില്ല. ഏതായാലും ഈ നിയമം അവതരിപ്പിച്ച സമയത്ത് അത് തടസ്സപ്പെടുത്താൻ നടത്തിയ ശ്രമം ഈ നിയമത്തോട് അപ്പുറ ത്തുള്ളവരുടെ സമീപനം എന്താ ണെന്ന് വ്യക്തമാക്കുന്നുണ്ട്. സംഘടിത തൊഴിലാളി മേഖല യിൽ ശ്രദ്ധേയമായ ഒരു നാഴിക ക്കല്ല് സ്ഥാപിക്കാൻ കഴിയുന്ന ഒരു നിയമമെന്നുള്ളനിലയിൽ പരിശോധിക്കുമ്പോൾ ട്രേഡ് യൂണിയൻ രംഗത്തുള്ള അരാജ കാവസ്ഥയ്ക്ക് ഒരളവുവരെ ഇതുകൊണ്ട് പരിഹാരമുണ്ടാ ക്കാൻ കഴിയുമെന്നുകൂടി മനസ്സിലാകും. ഒരളവുവരെ എന്നുമാത്രമേ ഞാൻ പറയു ന്നുള്ളു. എന്തെന്നാൽ ഇതിലെ പല വകുപ്പുകളും ഈ നിയമ ത്തിന്റെ ഉദ്ദേശ്യശുദ്ധിയെ ത്തന്നെ വ്യത്യാസപ്പെടുത്തുന്നു ണ്ടോയെന്ന് പരിശോധിക്കേണ്ട തുണ്ട്. അതൊക്കെ സെലക്ട് കമ്മിറ്റിയിൽ പരിശോധിക്കുമെ ന്നുള്ളതുകൊണ്ട് അതേക്കുറി ച്ചൊന്നും കൂടുതലായി ഇപ്പോൾ പറയാനുദ്ദേശിക്കുന്നില്ല. തൊഴി ലാളികളുടെ പ്രാതിനിധ്യക്രമമനു സരിച്ച് അവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ഏറ്റെടുക്കാൻ യൂണിയ നുകളെ പ്രാപ്തമാക്കുന്നതാണ് ഈ നിയമം. എന്നാൽ ഇതിലെ പല വകുപ്പുകളും ഈ ബില്ലിന്റെ ഉദ്ദേശ്യശുദ്ധിക്കനുബന്ധമാണോ എന്നുള്ള സംശയവും ഇല്ലാതില്ല. ചെറിയ ചെറിയ കാറ്റഗറിവൈസ് യൂണിയനുകൾ സൃഷ്ടിച്ച കുഴപ്പം കൊണ്ട് മുതലെടുക്കാൻ സാധിച്ചി ട്ടുള്ളത് പലപ്പോഴും തൊഴിലുടമ കൾക്കാണ്. ഒരു സ്ഥായിയായ അല്ലെങ്കിൽ തൊഴിലാളി വർഗ്ഗ ത്തിലെ മഹാഭൂരിപക്ഷത്തെ ബാധിക്കുന്ന പ്രശ്നം അവതരിപ്പി ക്കുമ്പോൾ വ്യക്തിനിഷ്ഠമായ താൽപ്പര്യത്തിന്റെ അടിസ്ഥാന ത്തിൽ സംഘടിപ്പിക്കപ്പെട്ടിട്ടുള്ള യൂണിയനുകൾ പൊതുതാൽപ്പര്യ ത്തിനെതിരായി നിന്നിട്ടുള്ള പല അവസരങ്ങളും ഉണ്ടായിട്ടുണ്ട്. ആ അടിസ്ഥാനത്തിൽത്തന്നെ ആനുകൂല്യം കൊടുക്കുന്ന കാര്യ ങ്ങളിൽ തൊഴിലുടമകൾക്ക് ഒരു പാട് ആനുകൂല്യം നേടിയെടു ക്കാനും കഴിഞ്ഞിട്ടുണ്ടെന്നുള്ള താണ് വാസ്തവം. പലരും ചേർന്നാൽ പാമ്പിനെ തല്ലാനാവി ല്ലെന്നു പറയും. എന്തെന്നാൽ പലരും ചേരുമ്പോൾ പാമ്പിനെ തല്ലുന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസം വരും എന്നതുതന്നെ. ഒരാൾ പറയും പാമ്പ് ദൈവ ത്തിന്റെ സൃഷ്ടിയാണ്, അതു കൊണ്ട് ഉപദ്രവിക്കാൻ പാടി ല്ലെന്ന്. വേറൊരാൾ പറയും അത് സർപ്പസഹവാസത്തിനുകൊള്ളാം അതുകൊണ്ട് ഉപദ്രവിക്കരുത് എന്ന്. ചിലർ പറയും ഇത് വിഷ മുള്ളതായതുകൊണ്ട് ഇതിനെ കൊല്ലണം എന്ന്. ഇങ്ങനെയൊ ക്കെയുള്ള വ്യത്യസ്താഭിപ്രായ ങ്ങൾ വന്നുകഴിയുമ്പോഴേയ്ക്കും പാമ്പു രക്ഷപെടും. ചിന്താഗതി മാത്രം ബാക്കിനിൽക്കുകയും ചെയ്യും. അതുപോലെ, തൊഴിലു ടമകൾ നിഷേധിക്കുന്ന അവ കാശങ്ങൾ പിടിച്ചുവാങ്ങുന്നകാര്യ ത്തിൽ വ്യത്യസ്താഭിപ്രായങ്ങൾ വന്നാൽ അത് മുതലാളി താൽപ്പ ര്യങ്ങൾ സംരക്ഷിക്കാനുള്ള വഴി യായിത്തീരും. അങ്ങനെ തൊഴി ലാളിവർഗ്ഗത്തിനു കിട്ടേണ്ട ആനു കൂല്യങ്ങൾ ലഭിക്കാതെ പോകുന്ന നിരവധി അവസരങ്ങൾ ഉണ്ടായി ട്ടുണ്ട്. അതിനൊരു പരിഹാര മാർഗ്ഗമെന്ന നിലയ്ക്കാണ് 15 ശതമാനം പ്രാതിനിധ്യമെന്നുവെ ച്ചിട്ടുള്ളത്. 15 ശതമാനം പ്രാതിനി ധ്യംപോരാ എന്നിവിടെ പലരും പറഞ്ഞു. അതുകൊണ്ട് അതൊന്നു പരിശോധിക്കണമെ ന്നാണ് എന്റെ അഭിപ്രായം. ഐ. എൽ.ഒ. യുടെ ചില മാർഗ്ഗനിർദ്ദേ ശങ്ങളൊക്കെ ഇതിനകത്തുണ്ട്. കെ.എസ്.ആർ.ടി.സി. യിലെ യൂണിയനുകളുടെ പ്രശ്നം വന്നപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി 15 ശതമാനത്തെ ക്കുറിച്ച് പറഞ്ഞു. ഈ പതി നഞ്ചു ശതമാനംകൊണ്ട് പ്രശ്നം പരിഹരിക്കപ്പെടുമോ എന്ന കാര്യം നാം ആലോചിക്കണം. നൂറുപേരുള്ള ഒരു വ്യവസായ സ്ഥാപനത്തിൽ ഈ നിയമമനു സരിച്ച് ആറ് യൂണിയൻ ഉണ്ടാ ക്കാൻ യാതൊരു പ്രയാസവുമില്ല. അഞ്ചുപേർക്ക് കോൺഫറൻസിൽ പങ്കെടുക്കുകയും ചെയ്യാം. അങ്ങനെയാകുമ്പോൾ മുപ്പതു

പേർക്ക് കോൺഫറൻസിൽ പങ്കെടുക്കാം. യൂണിയനുണ്ടാക്കാൻ പതിനഞ്ചു ശതമാനം പ്രാതിനിധ്യം മതി. മൾട്ടിപ്ലിസിറ്റി കുറയ്ക്കാൻ വേണ്ടി കൊണ്ടു വരുന്ന ഈ വ്യവസ്ഥകൊണ്ട് കൂടുതൽ മൾട്ടിപ്ലിസിറ്റിയിലേക്ക് പോകുകയില്ലേ എന്ന സംശയവും എനിക്കുണ്ട്. ഉദാഹരണത്തിന് 4-ാമത്തെ വകുപ്പെടുക്കാം. നമ്മുടെ സംസ്ഥാനത്ത് കെൽട്രോൺ എന്ന ഒരു വ്യവസായ ശൃംഖലയുണ്ട്. പത്തുപന്ത്രണ്ടു യൂണിയൻ അവിടെയുണ്ട്. ഈ നിയമമനുസരിച്ച് 15 ശതമാനം പ്രാതിനിധ്യമുള്ള യൂണിയനുകൾക്ക് അംഗീകാരം കിട്ടും. പല യൂണിറ്റുകളിലും പല ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്. കെൽട്രോൺ കൗണ്ടേഴ്സ് ഉണ്ട്, കെൽട്രോൺ ടി.വി. ഉണ്ട്, കെൽട്രോൺ വെരിഫൈയേഴ്സ് ഉണ്ട്, കെൽട്രോൺ കൺട്രോളേഴ്സ് ഉണ്ട്. അങ്ങനെ വ്യത്യസ്ത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യത്യസ്ത യൂണിയനുകളുടെ താൽപ്പര്യങ്ങളും വ്യത്യസ്തങ്ങളായിരിക്കും. കെൽട്രോണിന്റെ കരകുളത്തുള്ള യൂണിറ്റിലെ തൊഴിലാളികളുടെ താൽപ്പര്യമായിരിക്കുകയില്ല മങ്ങാട്ടുപറമ്പിലെ തൊഴിലാളികളുടെ താൽപ്പര്യം; അല്ലെങ്കിൽ എഗ്രിമെന്റിലെ വ്യവസ്ഥകൾക്കു വിധേയമാകേണ്ട കാര്യങ്ങൾ. അപ്പോൾ, സ്വാഭാവികമായി രണ്ടുതരത്തിലുള്ള പരിഗണന ആ രംഗത്തുവേണ്ടിവരും. യൂണിറ്റുവൈസായ റെക്കഗ്നിഷനും വേണ്ടിവരും. വ്യവസായ മൊട്ടാകെയുള്ള പരിഗണനയും വേണ്ടിവരും എന്നാണ് എന്റെ അഭിപ്രായം. ഇല്ലെങ്കിൽ ആ വ്യവസായത്തിലെ വിവിധ യൂണിറ്റുകളിലെ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാനാവില്ല. അതുകൊണ്ട് സെലക്ട് കമ്മിറ്റിയിൽ ഇക്കാര്യം പ്രത്യേകം പരിശോധിക്കണം''.

**പി. ആർ. ശിവൻ**
(22.07.1937 – 06.10.2000)

അഞ്ച്, ആറ് കേരള നിയമസഭകളിൽ പെരുമ്പാവൂർ മണ്ഡലത്തിൽനിന്നുള്ള സാമാജികനായിരുന്നു. സി.പി.ഐ.(എം) എറണാകുളം ജില്ലാ കമ്മിറ്റി അംഗം, ട്രാവൻകൂർ റയോൺസ് എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി, സി.ഐ.റ്റി.യു. –വിന്റെ നേതൃത്വത്തിലുള്ള വിവിധ യൂണിയനുകളുടെ നേതാവ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

പ്രസിദ്ധീകരണങ്ങൾ – തിരനോട്ടം, സ്ട്രീറ്റ് ലൈറ്റ്, മുഖവുര, അതിരാത്രം (നാടകം)

## ഹരിയാന നിയമസഭാ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരുടെ കേരള നിയമസഭാ സന്ദർശനം

കേരള നിയമസഭയിലെ വിവിധ സമിതികളെക്കുറിച്ച് പഠനം നടത്തുന്നതിനായി ഹരിയാന നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നുള്ള ഏഴ് ഉദ്യോഗസ്ഥർ 2026 ഏപ്രിൽ 27, 28 തീയതികളിൽ കേരള നിയമസഭ സന്ദർശിച്ചു. കേരള നിയമസഭാ ദിനമായ ഏപ്രിൽ 27ന് പതിനഞ്ചാം കേരള നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ നിയമസഭാ സമുച്ചയത്തിൽ സ്ഥാപിച്ചിട്ടുള്ള ദേശീയ നേതാക്കളുടെ പ്രതിമയിൽ പുഷ്പാർച്ചന നടത്തുന്ന ചടങ്ങിൽ സന്ദർശക സംഘം പങ്കെടുത്തു. തുടർന്ന് സ്പീക്കറുമായി സംവദിച്ച സംഘം നിയമസഭാ സെക്രട്ടറി-ഇൻ-ചാർജ് ഷാജി സി. ബേബിയുമായി ആശയ വിനിമയം നടത്തി. സ്പീക്കറുടെ പ്രൈവറ്റ്



സെക്രട്ടറി റ്റി. മനോഹൻ നായർ, ജോയിന്റ് സെക്രട്ടറി വി.ജി. റിജു എന്നിവർ നിയമസഭയിലെ വിവിധ സമിതികളെക്കുറിച്ചും നിയമസഭാ നടപടിക്രമങ്ങളെക്കുറിച്ചും സംഘാംഗങ്ങൾക്ക് പൊതുവായ വിവരണം നൽകി. ഏപ്രിൽ 28ന് ഇരു നിയമസഭകളിലെയും ഉദ്യോഗസ്ഥർ പങ്കെടുത്ത പഠന ചർച്ച നടന്നു.



**റ്റി. മനോഹരൻ നായർ**
മുൻ സ്പീക്കറുടെ
പ്രൈവറ്റ് സെക്രട്ടറി



# കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

## I. 2025–ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ആക്റ്റ് (2026 ലെ 5ാം ആക്റ്റ്)

### നിയമംകൊണ്ട് ഉദ്ദേശിക്കുന്നത്

സംസ്ഥാനത്തെ വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് സർക്കാരിന് മാർഗ്ഗനിർദ്ദേശം നൽകുക, അവരുടെ പുനരധിവാസം സാധ്യമാക്കുന്നതിനും നിയമസഹായം ആവശ്യമുള്ളിടത്ത് അത് ലഭ്യമാക്കുക, വയോജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കുക, വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക, വയോജന സംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ഉത്തരവുകളിലോ ഉള്ള വ്യവസ്ഥകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ ശിപാർശ ചെയ്യുക, സർക്കാരിന്റെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് വയോജനക്ഷേമവും സംരക്ഷണവും ഉറപ്പുവരുത്തുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെയാണ് ഈ നിയമം നിർമ്മിക്കപ്പെട്ടത്. ഇതിനായുള്ള ബിൽ 2025 ഫെബ്രുവരി 13-ാം തീയതി ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു സഭയിൽ അവതരിപ്പിക്കുകയും നടപടികൾ പൂർത്തീകരിച്ച് 2025 മാർച്ച് 19-ാം തീയതി സഭ പാസാക്കുകയും ചെയ്തു. സഭ പാസാക്കിയ ബില്ലിന് 2025 ഏപ്രിൽ 24-ന് ഗവർണ്ണറുടെ അംഗീകാരവും ലഭ്യമായി.

### ഘടന – ഉള്ളടക്കം

വീടുകളുടെ ഇരുണ്ട മൂലകളിൽ ഏകാന്തതയിൽ കഴിയാൻ വിധിക്കപ്പെടുകയും അവരുടെ ആവശ്യങ്ങൾക്ക് അവഗണന നേരിടുകയും ചെയ്യുന്ന പശ്ചാത്തലത്തിൽ, വലിയ രീതിയിലുള്ള പ്രതിസന്ധികളും പ്രതിബന്ധങ്ങളും വയോജനങ്ങളുടെ ജീവിതത്തിൽ വന്നുചേരുന്നുണ്ട്. ജീവിതത്തിലെ ഏറ്റവും സജീവവും കർമ്മോന്മുഖവുമായിട്ടുള്ള കാലത്ത് കുടുംബത്തിനും സമൂഹത്തിനും വേണ്ടി ഊർജവും ആരോഗ്യവും ചെലവഴിച്ച വയോജനങ്ങളെ അവരുടെ കർമ്മശേഷി കുറഞ്ഞുപോകുന്ന ജീവിത സായന്തനത്തിൽ സ്വസ്ഥമായ അന്തരീക്ഷത്തിൽ പരിപാലിക്കേണ്ട ഉത്തരവാദിത്വം കുടുംബാംഗങ്ങൾക്കും സമൂഹത്തിനുമുണ്ട്. വർത്തമാന കാലസാഹചര്യങ്ങളിൽ അങ്ങേയറ്റം അവമതിപ്പും അതിക്രമങ്ങളും ഏറ്റുവാങ്ങിയാണ് വയോജനങ്ങൾ അവരുടെ ജീവിതം തള്ളിനീക്കുന്നത്. ആ സാഹചര്യത്തിൽ പലപ്പോഴും പല ഗൃഹാന്തർഭാഗങ്ങളിലും സുരക്ഷിതത്വത്തിന്റെ ഇടമെന്ന് കരുതപ്പെടുന്ന സ്ഥലങ്ങളിൽപ്പോലും വലിയ രീതിയിലുള്ള ശാരീരിക അതിക്രമങ്ങൾക്ക് വിധേയരാകുന്ന വയോജനങ്ങളുടെ എണ്ണം കൂടിവരികയാണ്. ഈ സാഹചര്യത്തിൽ അനിവാര്യമായ സംവിധാനമെന്ന രീതിയിലാണ് ഈ നിയമം നിർമ്മിക്കപ്പെട്ടത്. 2007ലെ കേന്ദ്ര നിയമമായ The Maintenance and Welfare of Parents and Senior Citizens Act, 2007 (MWPSC Act), മുതിർന്ന പൗരന്മാർക്കും രക്ഷിതാക്കൾക്കും സുരക്ഷിതത്വം നൽകുന്നതിനുള്ള ഒരു നിയമമാണ്. പ്രസ്തുത നിയമത്തിൽ വിഭാവനം ചെയ്തിട്ടുള്ള പല ഘടകങ്ങളും കൃത്യമായ രീതിയിൽ വരുത്തുന്നുണ്ടോയെന്ന് പരിശോ

ധിക്കേണ്ടത് അനിവാര്യതയായി മാറുകയുണ്ടായി. MWPSC ആക്റ്റ് അനുസരിച്ച് വയോജനങ്ങളെ പരിപാലിക്കുന്നതിന് മക്കൾക്കും പേരക്കുട്ടികൾക്കും നിയമംമൂലം ബാധ്യതയുള്ളതാണ്. പക്ഷേ, പല സാഹചര്യങ്ങളിലും ഈ രീതിയിലുള്ള ഉത്തരവാദിത്വബോധം പ്രദർശിപ്പിക്കുന്നില്ല. ഈ പശ്ചാത്തലത്തിൽ ബന്ധപ്പെട്ടവരുടെ ഉത്തരവാദിത്വം കൃത്യമായി ഉറപ്പിച്ചുകൊണ്ട്, നിയമപരമായ നടപടികളിലേക്ക് നയിക്കാവുന്ന വിധത്തിലും വയോജനങ്ങൾക്കു വേണ്ടി സംരക്ഷണ സംവിധാനങ്ങൾ രൂപീകരിക്കുന്നതിന് സർക്കാരിന് മാർഗനിർദേശം നൽകുന്ന വിധത്തിലും പ്രവർത്തിക്കാൻ കഴിയുന്ന തരത്തിലുമാണ് പ്രസ്തുത വയോജന കമ്മീഷൻ വിഭാവനം ചെയ്യപ്പെടുന്നത്. വയോജനങ്ങളുടെ ശാക്തീകരണവും പുനരധിവാസവും സാധ്യമാക്കാനും അവർക്ക് നിയമസഹായം ആവശ്യമുള്ളിടത്ത് അത് ലഭ്യമാക്കുന്നതിനും വയോജനങ്ങളുടെ സ്റ്റാറ്റസ് സ്റ്റേറ്റ്മെന്റുകൾ കൃത്യമായി തയ്യാറാക്കുന്നതിനും അനുഭവ സമ്പന്നരായ വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയോഗപ്രദമായ വിധത്തിൽ ഏറ്റെടുത്ത് ശരിയായ രീതിയിൽ പ്രയോജനപ്പെടുത്താനും കഴിയുന്ന വിധത്തിലാണ് വയോജന കമ്മീഷന്റെ ചുമതലകൾ നിർവചിച്ചിട്ടുള്ളത്. വയോജന സംരക്ഷണവുമായി ബന്ധപ്പെട്ട് നിലവിലുള്ള സംവിധാനങ്ങളുടെ പോരായ്മകൾ ചൂണ്ടിക്കാട്ടി ഗവൺമെന്റ് ഇടപെടലുകൾ ഉറപ്പാക്കി കുറ്റമറ്റ നിലയിലുള്ളതാക്കിത്തീർക്കാനും ഈ കമ്മീഷൻ നിലവിൽ വന്നാൽ നമുക്ക് സാധിക്കുന്നതാണ്. ചെയർപേഴ്സണും മൂന്നിൽ കവിയാത്ത എണ്ണം അംഗങ്ങളും ഉൾപ്പെടുന്ന ഒരു കമ്മീഷനെയാണ് ഈ നിയമം വിഭാവനം ചെയ്യുന്നത്. ചെയർപേഴ്സൺ ഉൾപ്പെടെയുള്ള എല്ലാഅംഗങ്ങളും വയോജനങ്ങൾ ആയിരിക്കേണ്ടതാണെന്നും വയോജന ക്ഷേമ മേഖലയിൽ പ്രവർത്തന പരിചയമുള്ള ആളുകളായിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അംഗങ്ങളിൽ ഒരാൾ പട്ടിക ജാതിയിലോ പട്ടിക ഗോത്ര വിഭാഗങ്ങളിലോ ഉൾപ്പെട്ടയാളും മറ്റൊരാൾ വനിതയും ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നുണ്ട്. കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും സംബന്ധിച്ച് നിയമത്തിൽ വ്യക്തമായി വിവരിച്ചിട്ടുണ്ട് .

## നാടിന്റെ സമ്പത്ത്

നമ്മുടെ വയോജനങ്ങൾ ഈ സമൂഹത്തിന്റെ സമ്പത്താണ്. ഔദ്യോഗിക ജീവിതത്തിലൂടെയും ദൈനംദിന ജീവിതത്തിലൂടെയും സമാഹരിച്ച വിലയേറിയ ഒരുപാട് അനുഭവ സമ്പത്തുള്ള വയോജനങ്ങളുടെ ആ അനുഭവ സമ്പത്തിനെ ക്രിയാത്മകമായി ഉപയോഗിക്കുന്നതിനും തലമുറകൾ തമ്മിലുള്ള ബന്ധത്തെ ശക്തിപ്പെടുത്തി ഊഷ്മളമായ വൈകാരികതയോടെ നിലനിർത്തുന്നതിനും സഹായകരമായ ഒട്ടേറെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ഈ കമ്മീഷൻ നിലവിൽ വരുന്നതിലൂടെ കഴിയുന്നതാണ്. കലാ-കായിക-സാംസ്കാരിക പ്ലാറ്റ്ഫോമുകൾ സൃഷ്ടിച്ചുകൊണ്ടും മാനസിക ഉല്ലാസത്തിന് വേദികൾ സൃഷ്ടിച്ചുകൊണ്ടും അവരുടെ സർഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കാൻ ഈ കമ്മീഷനിലൂടെ സാധ്യമാകുന്നതാണ്. സർഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കുന്ന വയോജനങ്ങൾക്ക് സമ്മാനങ്ങളും പുരസ്കാരങ്ങളും നൽകുന്നതിന് അധികാരമുള്ള ഒരു സംവിധാനമായാണ് ഈ കമ്മീഷനെ വിഭാവനം ചെയ്തിട്ടുള്ളത്. അതുപോലെ, ഈ നിയമത്തിൽ കേന്ദ്ര നിയമത്തെ ശക്തിപ്പെടുത്തുന്നതിനും ശരിയായ രീതിയിൽ പ്രയോഗത്തിൽ കൊണ്ടുവരുന്നതിനും സഹായകമാകുന്ന നിരവധി വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നു. വാർധക്യം, പ്രായം, രോഗാവസ്ഥ തുടങ്ങിയ വിവിധ കാരണങ്ങളാൽ ഗൃഹാന്തർഭാഗത്ത് ഒതുങ്ങിപ്പോകേണ്ടി വരുന്ന വയോജനങ്ങൾക്ക് സാമൂഹികമായ ഇടപെടൽ ഉറപ്പാക്കി ജീവിതത്തിലേക്കും സകർമ്മകമായ ദൈനംദിന ഇടപെടലുകളിലേക്കും തിരിച്ചുകൊണ്ടുവരുന്ന ഒരു പ്രക്രിയയാണ് കമ്മീഷൻ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. ഡിമെൻഷ്യ, സ്മൃതിനാശം എന്നിങ്ങനെയുള്ള അവസ്ഥകളെ വളരെ ഫലപ്രദമായ രീതിയിൽ തരണം ചെയ്യുന്നതിന് വയോജനങ്ങൾക്ക് മാനസിക പിന്തുണയും ധാർമ്മികമായ പിന്തുണയും നൽകാൻ കഴിയുന്ന വിധത്തിലുള്ള ഒരു വയോജന കമ്മീഷൻ ഈ നിയമത്തിലൂടെ നിലവിൽ വരികയുണ്ടായി

## ശുഭപ്രതീക്ഷ മാത്രം

മുൻകാലത്തെപ്പോലെ വയോജനങ്ങളെ കേന്ദ്രീകരിച്ചു നിൽക്കുന്ന കുടുംബവ്യവസ്ഥയല്ല ഇന്ന് നമുക്കുള്ളത്. കൂട്ടുകുടുംബത്തിന്റെ അവസാനം കുറിച്ചു കൊണ്ട് അണുകുടുംബത്തിലേക്ക് സമൂഹമാകെ വഴിമാറിയപ്പോൾ ഏറ്റവും പ്രയാസമനുഭവിക്കുന്ന ഒരു ജനതയാണ് നമ്മുടെ വയോജനങ്ങൾ. ഒരുപക്ഷേ സാമ്പത്തികമായി ശേഷിയുള്ളവരെക്കാളും വളരെ വളരെ ശോചനീയാവസ്ഥയാണ് മരുന്നുപോലും കൃത്യസമയത്ത് ലഭിക്കാനില്ലാത്ത സാധാരണക്കാരായ വയോജനങ്ങൾ. അവരിലേക്കൊക്കെ സഹായഹസ്തം എത്താൻ കഴിയുന്ന വിധത്തിലാണ് വയോജന കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ളത്. സമൂഹത്തിന്റെ ഏത് തലത്തിലുള്ളവരായിക്കോട്ടെ, സമ്പന്നരായിക്കോട്ടെ വയോജനങ്ങൾ ഇന്ന് പല രീതിയിലുള്ള സങ്കടങ്ങളും നിവൃത്തികേടും ഏറ്റുവാങ്ങിക്കൊണ്ടാണ് ജീവിക്കുന്നത്. അതുകൊണ്ടുതന്നെ ഈ വയോജന കമ്മീഷൻ അതിന്റെ കൃത്യമായ അധികാരങ്ങളും ചുമതലകളും നിർവഹിക്കുമ്പോൾ അത് വലിയൊരളവിൽ ഈ ജനതയുടെ പ്രശ്നങ്ങൾക്ക് പരിഹാരമാകും എന്ന് നമുക്ക് പ്രതീക്ഷിക്കാം.

# II. 2025ലെ കേരള ഏക കിടപ്പാടം സംരക്ഷണ നിയമം (2025ലെ 13ാം ആക്റ്റ് )



### നിയമം വന്ന വഴി

എല്ലാവർക്കും ഭൂമിയും പാർപ്പിടവും ഉറപ്പുവരുത്താൻ ഏതൊരു ക്ഷേമ സർക്കാരും (welfare state) പ്രതിജ്ഞാബദ്ധമാണ്. ഇന്ത്യൻ ഭരണഘടനയുടെ 39ാം അനുച്ഛേദത്തിൽ സമൂഹത്തിന്റെ ഭൗതിക വിഭവങ്ങളുടെ ഉടമസ്ഥതയും നിയന്ത്രണവും പൊതുനന്മയ്ക്ക് ഉതകുന്ന വിധത്തിൽ വിതരണം ചെയ്യുക എന്ന നയതത്വം ഉൾപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി എല്ലാവർക്കും കിടപ്പാടം ഉറപ്പുവരുത്തുക എന്നതും സർക്കാരിന്റെ നയതീരുമാനങ്ങളിൽ ഉൾപ്പെടുത്തിയിരുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ഏക കിടപ്പാടം പണയപ്പെടുത്തി വായ്പ എടുക്കുകയും തിരിച്ചടവ് മുടങ്ങിയത് മൂലം പണയപ്പെടുത്തിയ ഏക കിടപ്പാടം നഷ്ടപ്പെട്ട കുടുംബങ്ങൾ കുടിയിറക്കപ്പെടുന്ന അവസ്ഥ സംജാതമാകുന്നത് ഒഴിവാക്കുന്നതിനും അങ്ങനെയുള്ളവരുടെ കിടപ്പാടം സംരക്ഷിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടും നിർമ്മിക്കപ്പെട്ട ഒരു നിയമമാണിത്. ഇതിനായുള്ള ബിൽ 2025 സെപ്റ്റംബർ 30ാം തീയതി മുഖ്യമന്ത്രിക്കു വേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി പി. രാജീവ് സഭയിൽ അവതരിപ്പിക്കുകയുണ്ടായി. തുടർന്ന് ബിൽ ഒക്ടോബർ 9ാം തീയതി സഭ പാസാക്കുകയും നവംബർ 1ാം തീയതി ഗവർണ്ണറുടെ അസന്റ് ലഭ്യമാവുകയും ചെയ്തു.


### നിയമനിർമ്മാണത്തിലെ പുത്തൻ മാതൃക

ഇത് ഏക കിടപ്പാടം സംരക്ഷിക്കുന്നതിനുള്ള നിയമമാണ്. നഗരപ്രദേശങ്ങളിൽ അഞ്ച് സെന്റും ഗ്രാമത്തിൽ പത്ത് സെന്റും സ്ഥലം വരെയുള്ള കുടുംബമോ വാർഷിക വരുമാനം മൂന്നു ലക്ഷം രൂപയിൽ താഴെയുള്ള വ്യക്തികളോ ഒരു ബാങ്കിൽ നിന്നോ, എൻ.ബി.എഫ്.സി.യിൽ നിന്നോ വീടിനോ മറ്റ് ആവശ്യങ്ങൾക്കോ ലോൺ എടുത്ത ശേഷം അത് കുടിശ്ശികയായി മാറുന്ന സാഹചര്യം ഉണ്ടാകുന്നു. ചിലപ്പോൾ വായ്പ എടുത്ത വീടിന്റെ ഗൃഹനാഥൻ മരണപ്പെടുകയോ മാരകമായ രോഗം പിടിപെടുകയോ ചെയ്യുന്ന സാഹചര്യമുണ്ടാകുന്നു. അവരുടെ കുറ്റം കൊണ്ടല്ലാതെ, മറ്റ് കാരണങ്ങൾകൊണ്ട് വായ്പ തിരിച്ചടയ്ക്കാൻ പറ്റാതെ വരികയും ജപ്തിയിലേക്കെത്തുകയും ചെയ്യുന്നു. അങ്ങനെയുള്ള അവസ്ഥ പരിഹരിക്കാനാണ് ഏക കിടപ്പാടം സംരക്ഷണ നിയമം കൊണ്ടുവന്നിരിക്കുന്നത്. കേന്ദ്ര നിയമമായ സർഫാസി നിയമം മാറ്റാനോ അവരുടെ ജപ്തി ഒഴിവാക്കാനോ സംസ്ഥാനങ്ങൾക്ക് സാധിക്കില്ല. അത്തരമൊരു സാഹചര്യത്തിലാണ് സംസ്ഥാന ഗവണ്മെന്റ് അതിനുവേണ്ടി ഈ നിയമത്തിലൂടെ പ്രത്യേകമായി ഒരു നിധി രൂപീകരിക്കുന്നത്. ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും കമ്മിറ്റികൾ രൂപീകരിക്കും. ആ കമ്മിറ്റിക്ക് അപേക്ഷ ലഭിച്ചാൽ അപേക്ഷകന്റെ വരുമാനം, തങ്ങളുടേതല്ലാത്ത കാരണം കൊണ്ടാണോ കുടിശ്ശികയിലേക്കെത്തിയത് തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കും. ബാങ്കുകാരും കമ്മിറ്റിയിലുണ്ടാകും. അപേക്ഷകരുമായി സംസാരിച്ച് ഏതെങ്കിലും രൂപത്തിൽ ഒത്തുതീർപ്പുണ്ടാക്കാൻ സാധിക്കുമോയെന്ന് ശ്രമം നടത്തും. ആ ശ്രമം പരാജയപ്പെട്ടാൽ ബാങ്കിന് വീണ്ടും സർഫാസി നടപടികൾ തുടരുകയും കോടതിയെ സമീപിക്കുകയും ചെയ്യാം. കുടിശ്ശികയായി മാറുന്ന തുക ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് അവരുടെ ഭവനം സംരക്ഷിക്കുന്ന വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു നിയമമാണിത്. ഒരുപക്ഷേ ലോക ചരിത്രത്തിലെതന്നെ ഇത്തരത്തിലുള്ള ആദ്യത്തെ നിയമമാണ് ഇത്.

### തികച്ചുമൊരു ജനസൗഹൃദ നിയമം

ഉദ്ദേശ്യലക്ഷ്യം, ഉള്ളടക്കം, ആശയവ്യക്തത, വ്യവസ്ഥകളുടെ കാർക്കശ്യം എന്നിവ കൊണ്ട് മാതൃകാപരമായ ഒരു നിയമമാണിത്. സാധാരണക്കാരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിയുള്ള നിയമനിർമ്മാണങ്ങൾ കാലദേശഭേദമെന്യേ എന്നും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പാവപ്പെട്ട ജനവിഭാഗങ്ങളുടെ കഷ്ടപ്പാടുകൾ ദൂരീകരിക്കുന്നതിനായി ഒട്ടേറെ നിയമങ്ങൾക്ക് മുൻകാലങ്ങളിൽ കേരള നിയമസഭ ജന്മം നൽകിയിട്ടുണ്ടെങ്കിലും സമാന സ്വഭാവമുള്ള മറ്റൊരു ജനസൗഹൃദ നിയമമാണിതെന്ന് നിസ്സംശയം വിലയിരുത്താവുന്നതാണ്.

*(അവസാനിച്ചു)*




**നന്മ നിറഞ്ഞവൻ ശ്രീനിവാസൻ**

**സനിത അനൂപ്**

ബുക്കർ മീഡിയ പബ്ലിക്കേഷൻസ്: തൃശ്ശൂർ, 2026.

NWwSRE 32R6

(സിനിമാസംവിധായകനും നടനുമായ ശ്രീനിവാസനെ അനുസ്മരിക്കുന്ന ഗ്രന്ഥം)





**കലാച്ചി**

**കെ.ആർ. മീര**

ഡി.സി. ബുക്സ് : കോട്ടയം, 2025.

O32,3MEE,K R5

(മതവും പൗരത്വവും ആഴത്തിൽ ചർച്ച ചെയ്യുന്ന നോവൽ)





**കടന്നുവന്ന കനൽവഴികൾ**
(രണ്ടാം പതിപ്പ്)

**ആനത്തലവട്ടം ആനന്ദൻ**

ചിന്ത പബ്ലിഷേഴ്സ്: തിരുവനന്തപുരം, 2025.

V212y7ANA 32R5

(ആത്മകഥ)




**കോരപ്പാപ്പന് സ്തുതിയായിരിക്കട്ടെ !**

**ടി.ഡി. രാമകൃഷ്ണൻ**

ഡി.സി. ബുക്സ്: കോട്ടയം, 2026.

O32,3RAM, R6

(നോവൽ)




**പ്രകൃതിസംവാദം : ഇന്ത്യൻ പരിസ്ഥിതി വാദത്തിന്റെ ഉദയം**

**രാമചന്ദ്ര ഗുഹ**
വിവ: എൻ. കെ. ഭൂപേഷ്

ഡി.സി. ബുക്സ്: കോട്ടയം, 2025.

G:55:g 32R5

(പരിസ്ഥിതിയെക്കുറിച്ചുള്ള പഠനം)





**ആ കസേര ആരുടേതാണ് ?**
ഒരു മാധ്യമ പ്രവർത്തക യുടെ ഇന്ത്യൻ ഗ്രാമയാത്രകൾ

**കെ.എ. ബീന**

ചിന്ത പബ്ലിഷേഴ്സ്: തിരുവനന്തപുരം, 2025.

U8.2 32R5

(യാത്രാവിവരണം)





**മലബാർ കലാപ കാലത്തെ ജയിലുകൾ**

**ഷുമൈസ് യു.**

ഡി.സി. ബുക്സ്:
കോട്ടയം, 2024.

V2153:51(Y:4:62) 32R4

(1921 ലെ മലബാർ കലാപവുമായി ബന്ധപ്പെട്ട് മദ്രാസ് പ്രവിശ്യയിലെയും ആൻഡമാനിലെയും ജയിലുകളിൽ അടയ്ക്കപ്പെട്ട പതിനായിരത്തിലേറെ വരുന്ന രാഷ്ട്രീയ തടവുകാരുടെ ജീവിതത്തിലേക്കുള്ള ഒരു എത്തിനോട്ടം)




**Learning How to Fly:**
Life lessons for the youth

**A.P.J. Abdul Kalam**

Rupa Publications :
New Delhi, 2024.

V2,1y7APJ R4

(A compilation of lectures by Dr. A.P.J. Abdul Kalam addressed to teachers and students)





**കേരളം അതിദാരിദ്ര്യ മുക്തമായതെങ്ങനെ**

**ഒരു സംഘം ലേഖകർ**

ചിന്ത പബ്ലിഷേഴ്സ് :
തിരുവനന്തപുരം, 2025.

Y:434:5.212 32R5

(കേരളം അതിദാരിദ്ര്യമുക്തമായതെങ്ങനെയെന്നതിനെപ്പറ്റി വിശദീകരിക്കുന്നു)





**Never Lie**

Freida McFadden

Penguin Random House :
Haryana, 2024.

O111,3McF R4

(Psychological Thriller Novel)





**The Cell and the Soul : A Prison Memoir**

**Anand Teltumbde**

Bloomsbury Publishing :
NewDelhi, 2025.

V2y7ANA R5

(Social Activist Anand Teltumbde's memoir of his years in prison)




**Case for RAM:**
The Untold Insiders' Story

Anirudh Sharma &
Sridhar Potaraju

Rupa Publications :
New Delhi, 2025

Q224-7(Z,925) R5

(This book takes readers into the courtroom where faith, law and history collided. Chronicling the Ram Janmabhoomi legal battle in the Supreme Court, this behind – the scenes account reveals how Lord Ram came to be represented as a legal person)




മുൻ മന്ത്രിസഭയിലെ അംഗങ്ങൾ പതിനഞ്ചാം കേരള നിയമസഭാ സ്പീക്കറോടും ഡെപ്യൂട്ടി സ്പീക്കറോടുമൊപ്പം

**ARIVORAM**
BIMONTHLY I **JUNE 2026** I PRICE ₹ 50/-







# ലോകം വീണ്ടും ഫുട്ബോൾ ലഹരിയിലേക്ക്...

**2026 ജൂൺ 11- ജൂലൈ 19**



FIFA










# അറിവോരം

കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ് മാഗസിൻ

Printed and Published by Shaji C Baby, Secretary-in-charge, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Niyamasabha Printing Press, Thiruvananthapuram and Published from Data Resource Development 'B' Section.
Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram-695 033, Chief Editor: Speaker, Kerala Legislative Assembly